# റാന്തൽ

ലിറ്റിൽ കൈറ്റ്സ്

2024-25 ഡിജിറ്റൽ മാഗസിൻ

ജി.എച്ച്.എസ് കുറുമ്പാല




3rd
PRIZE
GHSS

## ആശംസ...



കുറുമ്പാല ഗവൺമെന്റ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി 2024-25 അധ്യയന വർഷത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു.

വിദ്യാലയത്തിലെ കുട്ടിപ്പട്ടങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ഈ മാഗസിൻ സർഗ്ഗാത്മക സൃഷ്ടികളെ കൊണ്ട് സമ്പന്നമാകട്ടേ എന്നാശംസിക്കുന്നതിനോടൊപ്പം ഇതിൽ പങ്കാളികളായിട്ടുള്ള എല്ലാ വർക്കും വിജയാശംസകൾ നേരുന്നു.

**എം മുഹമ്മദ് ബഷീർ**

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ

വയനാട് ജില്ലാ പഞ്ചായത്ത്

## ആശംസ...



കുട്ടികളിലെ സർഗ്ഗാത്മകമായ കഴിവുകളെ തൊട്ടുണർത്തുന്നതിനും ആവിഷ്കരിക്കുന്നതിനും സാഹിത്യ സൃഷ്ടികൾ വലിയ പങ്ക് വഹിക്കുന്നു.

ജി എച്ച് എസ് കുറുമ്പാലയിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസ്സിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

**ബുഷറ വൈശ്യൻ**

മെമ്പർ, പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്

# ആശംസ...




വിവര വിനിമയ സാങ്കേതിക വിദ്യയുടെ വളർച്ചക്കനുസരിച്ച് കേരളത്തിലെ പൊതുവിദ്യലയങ്ങളിൽ ക്ലാസ് മുറികളെല്ലാം ഹൈടെക് ക്ലാസ് മുറികളായി മാറിക്കൊണ്ടിരിക്കുകയാണ്. സാങ്കേതിക വിദ്യയുടെ മാറ്റാത്തിന്നുസരിച്ച് നമ്മുടെ വിദ്യാല്യങ്ങളിൽ ക്ലാസ് മുറികളും പഠന ന്തരീക്ഷവും കാലോചിതമായി മാറേണ്ടത് അത്യാവശ്യമാണ്. പുതിയ പാഠ്യപദ്ധതിയിൽ ഐ.ടി. സാങ്കേതിക വിദ്യ ഒരു അവിഭാജ്യഘടകമായിരിക്കെ വിദ്യലയത്തിൽ പ്രവർത്തിക്കുന്ന 'ലിറ്റിൽ കറ്റ്സ്' എന്ന ഐ. ടി. സേനക് ഒരുപാട് കർത്തവ്യങ്ങൾ സ്കുളിൽ നിറവേറ്റേണ്ടതായിട്ടുണ്ട്. വിവരം വിനിമയ സാങ്കേതിക വിദ്യയിൽ പ്രത്യേക പരിശീലനം സൃഷ്ടിച്ച ഒരു കൂട്ടം കുട്ടികളുടെ ഐ. ടി. കൂട്ടായിമയാണ് 'ലിറ്റിൽ കൈറ്റ്സ് '

നമ്മുടെ വിദ്യാലയമായ കുറുമ്പല ഗവണ്മെന്റ് ഹൈസ്കുളിലെ ലിറ്റിൽ കൈറ്റ്സ് യുണിറ്റും ഇതിന് നേതൃത്വം നൽകുന്ന ലിറ്റിൽ കൈറ്റ്സ് മാസ്റ്റർമാരുടെയും പ്രവർത്തനം വളരെ ശ്ലാഖനീയമാണ്. ഇതിന്റെ മകടോദാഹരണമാണ് 2023-24 അധ്യാന വർഷത്തെ ലിറ്റിൽ കൈറ്റ്സ് അവാർഡ് ജില്ലയിൽ മുനാം സ്ഥാനത്തിന് ഈ വിദ്യാലയം അർഹമായത്. ഐ. ടി. അതിഷ്ഠിത വിദ്യഭ്യാസം ക്ലാസ് മുറികളിൽ ഉറപ്പ് വരുത്തുന്നതിനും ഐ. ടി. ഉപകരണങ്ങൾ ശ്രദ്ധപൂർവം കൈകാര്യം ചെയ്യുന്നതിലും. സ്കൂളിലെ അക്കാദമിക അനക്കദമിക പ്രവർത്തനങ്ങൾ ഡിജിറ്റൽലൈസ് ചെയ്ത് ഡോക്യമെന്ററികൾ നിർമ്മിക്കുന്നതിനും കമ്പ്യുട്ടർ മേഖലയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാരബോധന ക്ലാസുകൾ നൽകുന്നതിലും രക്ഷിതാക്കളെ കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുന്നതിനും ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചെയുന്ന പ്രവർത്തങ്ങൾ അഭിമാനപ്പൂർവം ഞാൻ സ്മരിക്കുന്നു.

എല്ലാവിധ ആശംസകളും നേർന്ന് കൊണ്ട്...

**അബ്ദുൽ റഷീദ്. കെ**

ഹെഡ്മാസ്റ്റർ
ജി. എച്ച്. എസ്. കുറുമ്പാല

# എഡിറ്റോറിയൽ ബോർഡ്




അബ്ദുൽ റഷീദ് കെ
ഹെഡ്മാസ്റ്റർ



ഹാരിസ് കെ
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ



അനില എസ്
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

# സ്റ്റാഫ് എഡിറ്റേഴ്സ്


സിബി ടി വി


അന്നമ്മ പി യു


ഗോപിദാസ് എം എസ്

# സ്റ്റുഡന്റ് എഡിറ്റേഴ്സ്


മുഹമ്മദ് നാഫിൽ


മുഹമ്മദ് അസ്‌ലം


മുഹമ്മദ് സഫ്‌വാൻ


ശിവന്യ


ആയിശ ഹനി


ഫാത്തിമ ഫർഹ


സക്കിയ ഫാത്തിമ


അസ്ന ഫാത്തിമ

# മുഖമൊഴി

കുറുമ്പാല ഗവ ഹൈസ്കൂളിലെ പ്രധാന ക്ലബ്ബുകളിലൊന്നാണ് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബ്. ക്ലബ്ബ് രൂപീകരിക്കപ്പെട്ടത് മുതലിങ്ങോട്ട് ധാരാളം പ്രധാന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.ഇവയിൽ ഏറ്റവും പ്രധനപ്പെട്ടതാണ് ഞങ്ങളുടെ ഈ മാഗസിൻ. കുട്ടികളുടെ സർഗാത്മിക ശേഷികൾ പരിപോഷിപ്പിക്കുന്നതിന് ഉതക്കുന്ന ധാരാളം പ്രവർത്തനങ്ങൾ ഈ കാലയളവിൽ നമുക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനമാണ് എല്ലാ വർഷവും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനുകൾ.

2022-25 ബാച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ പരിമിതമായ സമയത്തിനുള്ളിലാണ് ഈ മാഗസിൻ ഒരുക്കിയത്. മേന്മകൾ അധികമൊന്നും അവകാശപ്പെടുന്നില്ല. പോരായ്മകൾ ഒട്ടനവധി യുണ്ടാകും. കൂടുതൽ സൃഷ്ടികൾ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. നിങ്ങളുടെ വിലപ്പെട്ട ഉപദേശങ്ങൾ, നിർദ്ദേശങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കുന്നു.അവ വരുംകാലങ്ങളിലെ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് കരുത്തേകും. ഇതൊരുക്കാൻ ഞങ്ങളെ സഹായിച്ച എല്ലാ ഓരോരുത്തരേയും നന്ദിയോടെ സ്മരിച്ച് കൊണ്ട് ഞങ്ങളുടെ ഈ സർഗ്ഗസൃഷ്ടി "റാന്തൽ" നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു

സ്റ്റുഡൻ്റ് എഡിറ്റർ
മുഹമ്മദ് നാഫിൽ ഇ

# ഉള്ളടക്കം


| | |
|---|---|
| 1. സ്കൂളിനെ കുറിച്ച് | 11 |
| 2. സ്കൂൾ പ്രവർത്തന റിപ്പോർട്ട് 2024-25 | 16 |
| 3. ലഹരി എന്ന വിപത്ത് | 30 |
| 4. വൃദ്ധസദനങ്ങൾ ആവശ്യമോ ? | 32 |
| 5. സൈബർ ലോകം | 34 |
| 6. എന്റെ പ്രേമം | 35 |
| 7. കണ്ണീരിലാഴ്ത്തിയ തണ്ണീർ കൊമ്പൻ | 37 |
| 8. AI Camera | 39 |
| 9. Hope | 42 |
| 10. പാരിലെ പറുദീസ | 45 |
| 11. സുഗതകുമാരി | 47 |
| 12. മഴയെ, നിന്നേയും കാത്ത് | 48 |
| 13. എലി | 49 |
| 14. പൊഴിഞ്ഞുപോയ തളിരിലകൾ | 51 |
| 15. വസന്തം | 54 |
| 16. മധ്യത്തിന്റെ പിടിയിൽ അമരുന്ന കേരളം | 55 |
| 17. ദരിദ്രന്റെ വിശപ്പ് | 58 |
| 18. നീരുറവ | 60 |
| 19. നിഷ്കളങ്കനായ മാൻ | 63 |
| 20. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ | 66 |
| 21. നാളേക്ക് ചിറക് മുളച്ചവർ | 68 |
| 22. വൈക്കം മുഹമ്മദ് ബഷീർ | 73 |
| 23. സ്കൂൾ അവാർഡിന്റെ നിറവിലേക്ക് | 75 |
| 23. ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട് | 76-89 |



# ജി. എച്ച്. എസ്. കുറുമ്പാല

ജില്ല

വയനാട്

വിദ്യാഭ്യാസ ജില്ല

വയനാട്

ഉപജില്ല

വൈത്തിരി

ഹെഡ്മാസ്റ്റർ

അബ്ദുൽ റഷീദ് കെ

പി ടി എ പ്രസിഡന്റ്

ശറഫുദ്ദീൻ ഇ കെ

എം പി ടി എ പ്രസിഡന്റ്

ഗീത ചന്ദ്രശേഖരൻ

# സ്കൂളിനെ കുറിച്ച്......



പഴശ്ശി രാജാവ് ഭരണത്തിലായിരിക്കുമ്പോൾ ഭരണ സൗകര്യത്തിനായി ദേശങ്ങളെ ഓരോ തറകളായി തിരിച്ചു. തെക്ക് ഭാഗത്തെ ദേശം തെക്കുംതറയെന്നും, പടിഞ്ഞാർ ഭാഗത്തെ ദേശം പടിഞ്ഞാറത്തറയെന്നും, കോട്ട നിൽക്കുന്ന ഭാഗം കോട്ടത്തറ എന്നും, കുപ്പാടി അമ്പലം സ്ഥിതി ചെയ്യുന്ന ഇടം കുപ്പാടിത്തറയെന്നും അറിയപ്പെട്ടു. ഇന്നത്തെ പടിഞ്ഞാറത്തറ ഉൾക്കൊള്ളുന്ന ഭാഗം ഒരു കാലത്ത് കുറുമ്പാല അംശം എന്നായിരുന്നു അറിയപ്പെട്ടിരുന്നത്.

നൂറിന്റെ നിറവിൽ നില കൊള്ളുന്ന നമ്മുടെ വിദ്യാലയം 1911 ൽ സ്ഥാപിതമായി.മലബാർ ഡിസ്ട്രിക്ട് ബോർഡില് അധ്യാപകനായി നിയോഗിക്കപ്പെട്ട ശ്രീ. കെ ചാപ്പൻ അടിയോടി വയനാട്ടിൽ എത്തുകയും വിദ്യാലയ സാധ്യതകൾ അന്വേഷിച്ച് കുറുമ്പാലയിൽ ശ്രീ. എം. പി. രാഘവമാരാരെ സമീപിക്കുകയും ചെയ്തതോടെ കുറുമ്പാല എന്ന ഈ പ്രദേശം അക്ഷര ഭൂപടത്തിൽ നെടുങ്കായം നേടുകയായിരുന്നു.അദ്ദേഹം അനുവദിച്ച സ്ഥലത്ത് ആരംഭിച്ച ഈ വിദ്യാലയം പിൽക്കാലത്ത് സർക്കാർ ഉടമസ്ഥതയിൽ വരുകയും നിരവധി ഗുരുശ്രേഷ്ഠൻമാരാൽ അനുഗ്രഹീതമാവുകയും ചെയ്തു.

1981 അപ്പർ പ്രൈമറിയായി ഉയർത്തിയതോടെ വിദ്യാദ്യാസം സുഖപ്രദമായി. വാടകകെട്ടിടത്തിൽ നിന്നും മാറി സ്വന്തമായി ഭൂമി ലഭ്യമായതോടെ ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ അടിമുടി മാറ്റമുണ്ടായി.ഇപ്പോൾ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം 2013ൽ സെക്കന്ററി സ്കൂളായി അപ്ഗ്രേഡ് ചെയ്തു. 2016 ൽ ആദ്യപത്താം ക്ലാസ്സ് ബാച്ച് പരിക്ഷ എഴുതി പുറത്തിറങ്ങി.

വിദ്യാലയം ഇന്ന് ജില്ലയിലെ സമ്പൂർണ്ണ ഹൈടെക് ഹൈസ്കൂളായി മികച്ച നിലവാരത്തോടെ പ്രവർത്തിക്കുന്നു. പ്രിപ്രൈമറി മുതൽ പത്താം ക്ലാസ് വരെ 17 ഡിവി

ഷനകളിലായി അഞ്ഞൂറോളം കുട്ടികൾ പഠനം നടത്തുന്നുണ്ട്.

അർപ്പണ മനോഭാവത്തോടെയും ആത്മാർത്ഥതയോടെയും നില കൊള്ളുന്ന അധ്യാപകരും അവർക്ക് മികച്ച പിന്തുണ നൽകുന്ന പി.ടി.എ, എം.പി.ടി.എ, എസ് എം.സി അംഗങ്ങളും നമുക്ക് മുതൽ ക്കൂട്ടായുണ്ട്. മികച്ച ഭൗതിക സാഹചര്യങ്ങൾ ഇന്ന്വിദ്യാലയത്തിനുണ്ട്.



സ്കൂൾ ഐ.ടി ലാബ്



ഹൈടെക് ക്ലാസ്റൂം

പരിമിതികളോടും പരാധീനതകളോടും പോരാടി ഇന്നത്തെ സ്ഥിതി യിലേക്ക് സധൈര്യം നയിച്ച പൂർവിക ഗുരുവര്യന്മാരെ നന്ദി പൂർവ്വം നമുക്ക് ഓർക്കാം.

മലബാർ ഡിസ്ട്രിക്ട് ബോർഡില് അധ്യാപകനായി നിയോഗിക്കപ്പെട്ട ശ്രീ. കെ ചാപ്പൻ അടിയോടി വയനാട്ടിൽ എത്തുകയും വിദ്യാലയ സാധ്യതകൾ അന്വേഷിച്ച് കുറുമ്പാ ലയിൽ ശ്രീ. എം. പി. രാഘവ മാരാരെ സമീപിക്കുകയും ചെയ്തു തോടെ കുറുമ്പാല എന്ന ഈ പ്രദേശം അക്ഷര ഭൂപടത്തിൽ നെടുങ്കായം നേടുകയായിരുന്നു



സ്കൂൾ കാമ്പസ്




ലിറ്റിൽ കൈറ്റ്സ് ഫോട്ടോഗാലറി
& നോട്ടീസ് ബോർഡ്



സ്കൂൾ നോട്ടീസ് ബോർഡ്

# Little Kites
# Baches



2022-2025



2023-2026



# Little Kites Classes













# വാർഷിക പ്രവർത്തന റിപ്പോർട്ട്

## 2023-24




## MLA - Eexcellence Award

കുറുമ്പാല പ്രദേശത്തെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ വിജ്ഞാനത്തിൻെറ പ്രാകാശം ചൊരിഞ്ഞ് നാടിൻെറ അഭിമാനമായി നില കൊള്ളുന്ന സ്ഥാപനമാണ് കുറുമ്പാല ഗവ: ഹൈസ്കൂൾ. ഒരു നൂറ്റാണ്ടിലേറെയായി പതിനായിരക്കണക്കിന് അക്ഷര പ്രേമികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകിയ ഈ വിദ്യാലയം ഇന്ന് ജില്ലയിലെ സമ്പൂർണ്ണ ഹൈടെക് ഹൈസ്കൂളായി മികച്ച നില വാരത്തോടെ പ്രവർത്തിക്കുന്നു.നൂറിന്റെ നിറവിൽ നില കൊള്ളുന്ന നമ്മുടെ വിദ്യാലയം 1911 ലാണ് സ്ഥാപിതമായത്.1978-ൽഅപ്പർ പ്രൈമറിയായും 2013 ൽ സെക്കന്ററി സ്കൂളായും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. നിലവിൽ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ 15 ഡിവിഷനുകളിലായി 366 കുട്ടികളും, പ്രീപ്രൈമറി തലത്തിലെ 52 കുട്ടികളും ഉൾപ്പെടെ 418 കുട്ടികൾ പഠനം നടത്തുന്നു.

## പി ടി എ ഭരണ സമിതി

2023 സെപ്തംബർ 5ന് ചേർന്ന സ്കൂൾ വാർഷിക ജനറൽ ബോഡിയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പതിനഞ്ചംഗങ്ങളാണ് നിലവിലുള്ള ഭരണസമിതിയിലുള്ളത് മുഹമ്മദ്ഷാഫി കെ എ, ഷൗക്കത്ത്ഫൈസി,മുഹമ്മദ്കെ,ശ്രീനിവാസൻ കെ എസ്, ഹസീന കെ,നഫീസ,റഫീന, ലത ചന്ദ്രൻ എന്നീ രക്ഷിതാക്കളുടെ പ്രതിനിധികളും, ഹെഡ്മാസ്റ്റർ ശ്രീ അബ്ദുൾറഷീദ് കെ, ഹാരിസ് കെ, ഗോപീദാസ് എം എസ്, വിദ്യ എ,അന്നമ്മ പി യു,ജിൻസി ജോർജ്,സുധീഷ് വിസി എന്നീ അധ്യാപക പ്രതിനിധികളുമാണ് പി ടി എ കമ്മറ്റിയിലുള്ളത്.പ്രസിഡൻറ് കെ എ മുഹമ്മദ് ഷാഫിയുടെയും ഹെഡ്മാസ്റ്റർകെ അബ്ദുൾ റഷീദ് മാസ്റ്ററുടെയും നേതൃതത്തിൽ പിടിഎ യുടെ പ്രവർത്തനം വളരെ മികച്ച രീതിയിൽ നടക്കുന്നു.മദർ പിടിഎ പ്രസിഡൻറ് ശ്രീമതി സഫിയ മറ്റ് അംഗങ്ങളായ നാദിറ,ഗീത,ഫൗസിയ,സരള,സൽമ, സാജിത എന്നിവരുടെ സേവനവും എടുത്ത് പറയേണ്ടതാണ്.

## സ്കൂൾ മാനേജ്മെൻറ് കമ്മറ്റി

കാഞ്ഞായി ഉസ്മാൻ ചെയർമാനും, സൈനൽ ആബിദ് വൈ.ചെയർമാനും, ചന്ദ്രശേഖരൻ,ബഷീർ, ഷമീർ, ഇബ്രാഹീം സഖാഫി,അലീമ,ബിന്ദു,തസ്നിജ,മിനി, സുമയ്യ,നസീറ,വാർഡ് മെമ്പർ ശ്രീമതി ബുഷറ വൈശ്യൻ,സ്കൂൾ ഹെഡ്മാസ്റ്റർ അബ്ദുൾറഷീദ് കെ,സീനയർ അസിസ്റ്റൻറ് ഹാരിസ് കെ തുടങ്ങിയവർ അംഗങ്ങളുമായ സ്കൂൾ മാനേജ്മെൻറ് കമ്മറ്റിയുടെ പ്രവർത്തനം അഭിനന്ദനീയമാണ്. വിദ്യാലയത്തിൻെറ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ മികച്ച പിന്തുണ നൽകുന്ന എസ് എം സി അംഗങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.



# അക്കാദമിക പ്രവർത്തനങ്ങൾ

2023-24 അധ്യയന വർഷം ധാരാളം പ്രവർത്തനങ്ങൾ നടത്തി അക്കാദമിക രംഗം സജീവമാക്കിയിട്ടുണ്ട്.പാഠ്യപ്രവർത്തനങ്ങളിലും പഠനാനുബന്ധ പ്രവർത്തനങ്ങളിലും ധാരാളം അനുഭവങ്ങൾ കുട്ടികൾക്ക് നൽകാൻ നാം ശ്രദ്ധിച്ചിട്ടുണ്ട്. പ്രവേശനോത്സവം,വിജയോത്സവം,സ്വാതന്ത്ര്യദിനാഘോഷം,ഓണാഘോഷം, ശിശുദിനാഘോഷം, ക്ലബ്ബ് പ്രവർത്തനങ്ങൾ, വിവിധ ദിനാചരണങ്ങൾ,ലഹരി വിരുദ്ധകാംപയിൻ, സ്കൂൾ തല മേളകൾ, പഠനോത്സവം,സ്കൂൾവാർഷികം തുടങ്ങിയവ ശ്രദ്ധേയമായ പരിപാടികൾക്കൊപ്പം സബ്ജക്ട് ക്ലിനിക്ക്, Star of the Month,പൊലിമ,അക്ഷരക്കൂട്ട്,അമ്മ വായന, "പിറന്നാളിനൊരു പൂച്ചട്ടി എന്റെ വിദ്യാലയത്തിന്"തുടങ്ങിയ തനത് പ്രവർത്തനങ്ങളുംസംഘടിപ്പിച്ചിട്ടുണ്ട്. സബ് ജില്ലാതലം മുതൽസംസ്ഥാനതലം വരെയുള്ള വിവിധ മത്സരങ്ങളിലും മികച്ച വിജയം നേടാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

വർണ്ണശഭളമായ പ്രവേശനോത്സവത്തോടെയാണ് 2023-24 അധ്യയന വർഷത്തെ നാം എതിരേറ്റത്.ചടങ്ങ് പി ടി എ പ്രസിഡൻറിന്റെ അധ്യക്ഷതയിൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ബുഷറ വൈശ്യൻ ഉദ്ഘാടനം നിർവ്വഹിക്കുകയും നവാഗതരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ സമ്മാനിക്കുകയും ചെയ്തു. ശാസ്ത്ര ക്ലബ്ബുകൾ, ഭാഷാ ക്ലബ്ബുകൾ,പരിസ്ഥിതി ക്ലബ്ബ്, വിദ്യാരംഗംകലാസാഹിത്യവേദി,സോഷ്യൽ സർവ്വീസ് സ്കീം,ഡിഎം ക്ലബ്ബ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ ക്ലബ്ബുകളുടെ നേതൃത്തിൽ ധാരാളം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.ഫീൽഡ് ട്രിപ്പുകൾ, ഇൻറസ്ട്രിയൽ വിസിറ്റുകൾ,സഹവാസ ക്യാമ്പുകൾ, പഠനവിനോദയാത്രകൾ എന്നിവ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.സ്കൂൾ തല കലാ-കായിക-ശാസ്ത്ര മേളകളൊക്കെ സംഘാടന മികവ് കൊണ്ടും, കുട്ടികളുടെ പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി.





ഡിസാസ്റ്റർ മാനേജ്മെൻറ് ക്ലബ്ബിൻെറ നേതൃതത്തിൽ കുട്ടികൾക്ക് NDRF ട്രൈനിംഗ് നൽകി.പരിശീലനത്തിന് NDRF ചീഫ് കമാൻഡിംഗ് ഓഫീസർ അശോക് കുമാർശുക്ല നേതൃത്തംനൽകി. യുദ്ധവിരുദ്ധദിനത്തിൽ സഡാക്കോസുസുക്കി കൊക്കുകൾ കൊണ്ട് നിർമ്മിച്ച വലിയ മാതൃക ശ്രദ്ധേയമായി.

മികച്ച ആരോഗ്യശീലം പരിശീലിപ്പിക്കുന്നതിനായി ഹെൽത്ത് ഡിപ്പാർട്ട്മെൻറുമായി സഹകരിച്ച് നടത്തിയ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ, ശുചീകരണ പ്രവർത്തനങ്ങൾ, പെൺകുട്ടികൾക്കായുള്ള കരാട്ടെ പരിശീലനം, വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട നടത്തിയ കഥ-കവിതാ- ഉപന്യാസ രചന, ചിത്രരചന മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. അക്കാദമിക മികവ് ഉയർത്താൻ സബ്ജക്ട് ക്ലിനിക്ക്,പൊലിമ, അക്ഷരക്കൂട്ട്, "ശ്രദ്ധ",തുടങ്ങിയ പദ്ധതികളും മാതൃകാപരമായി സംഘടിപ്പിക്കാൻ കഴിഞ്ഞു. അമ്മമാരിൽ വായനാ ശീലം വളർത്തുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ "അമ്മ വായന" എന്ന പരിപാടിക്കും, രക്ഷിതാക്കൾക്ക് ലൈബ്രറി പുസ്തകങ്ങൾ നൽകി വായനശീലം പ്രോത്സാഹിപ്പിക്കാനും അനുഭവ കുറിപ്പ് തയ്യാറാക്കാനുമുള്ള പ്രവർത്തനങ്ങൾക്കും നല്ല പ്രതികരണമാണ് ലഭിച്ചത്. കുട്ടികളുടെ മികവുകളുടെ പ്രദർശിപ്പിച്ച് നടത്തിയ പഠനോത്സവവും,പ്രമുഖ നാടൻപാട്ട് കലാകാരൻ മജീഷ് കാരയാടിനെ മുഖ്യാതിഥിയായി പങ്കെടുപ്പിച്ച് സ്കൂൾ വാർഷികാഘോഷവും വളരെ ആകർഷകമായി നടത്താൻ കഴിഞ്ഞതിൽ നമ്മുക്കഭിമാനിക്കാം.പ്രീപ്രൈമറി കുട്ടികളുടെ ഭാഷാ വികാസവും മാനസിക ഉല്ലാസവും ലക്ഷ്യമാക്കി സംഘടിപ്പിച്ച കഥോത്സവം വളരെ ശ്രദ്ധേയമായി.ആട്ടവും പാട്ടും എന്ന പേരിൽ പ്രീപ്രൈമറി രക്ഷിതാക്കൾക്കായി ശില്പശാലയും,വരയുത്സവവും ഏറെ ശ്രദ്ധിക്കപ്പെട്ടു.പ്രൈമറി വിഭാഗം രക്ഷിതാക്കൾക്കായിസംഘടിപ്പിച്ച സചിത്ര ശില്പശായും മികവുറ്റ പരിപാടിയാക്കാൻ കഴിഞ്ഞു.



സഹവാസ ക്യാമ്പ്, മോർട്ടിവേഷൻ ക്ലാസുകൾ,ഫീൽഡ് ട്രിപ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങളുമായി സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം ക്ലബ്ബും, വിവിധ ക്യാമ്പുകൾ,ഇൻറസ്ട്രിയൽ വിസിറ്റുകൾ, മറ്റ് കുട്ടികൾക്കും, രക്ഷിതാക്കൾക്കും, ഭിന്ന ശേഷി വിദ്യാർത്ഥികൾക്കും ഐടി പരിശീലനം,സ്കൂൾവിക്കി അപ്ഡേഷൻ, ഫ്രീഡം ഫെസ്റ്റ്,ഡിജിറ്റൽ മാഗസിൻ തുടങ്ങിയ ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൂടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും സജീവമായി പ്രവർത്തി ക്കുന്നു. പരിസ്ഥിതിക്ലബ്ബിൻെറ നേതൃതത്തിൽ ആകർഷകമായ രീതിയിൽ പച്ചക്കറിത്തോട്ടം ഒരുക്കി നൂറു മേനി കൊയ്യാനും കഴിഞ്ഞിട്ടുണ്ട്.

## മികച്ച വിജയജ്വാല

SSLC കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തി ഉന്നത വിജയം നേടാൻ അവരെ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ വിജയജ്വാല എന്ന പേരിൽ നടത്തിയ പഠന ക്യാമ്പുകൾ വിജയകരമായിരുന്നു.കുട്ടികൾക്ക് ചായയും, ലഘു ഭക്ഷണവും ഉൾപ്പെടെ നൽകി രാവിലെ 8:30 മുതൽ വൈകുന്നേരം 5:15വരെയായിരുന്നു ക്യാമ്പുകൾ സംഘടിപ്പിച്ചത്. ക്യാമ്പുകൾ കാര്യക്ഷമമായി നടത്തി മുഴുവൻ കുട്ടികളെയും പരീക്ഷ എഴുതിച്ച് അത് വഴി നൂറു ശതമാനം റിസൾട്ട് ഉണ്ടാക്കാനും കഴിഞ്ഞു. നാല് കുട്ടികൾക്ക് ഫുൾ എ പ്ലസും മറ്റുള്ളവർക്കെല്ലാം അറുപത് ശതമാനത്തിലെറെ മാർക്കും ലഭിച്ചിട്ടുണ്ട്. ഇവർക്ക് പ്ലസ് വൺ അഡ്മിഷന് വേണ്ടി ഹെൽപ്പ് ഡെസ്ക് സൗകര്യവും സ്കൂളിൽ ഒരുക്കുകയുണ്ടായി.



GOVT: HIGH SCHOOL KURUMBALA S.S.L.C BATCH: 2023-24

## വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ

LSS, USS, NMMS തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകളിൽ മികച്ച പ്രകടനം നടത്താൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.കഴിവും താത്പര്യമുള്ള കുട്ടികളെ നേരത്തെ കണ്ടെത്തി അവർക്ക് അധിക പരിശീലനം നൽകിയാണ് പരീക്ഷക്കായി ഒരുക്കുന്നത്. കുട്ടികൾക്ക് യാതൊരു സാമ്പത്തിക ബാധ്യതയും വരാതെയാണ് പരിശീലനംസംഘടിപ്പിക്കുന്നത്.നമ്മുടെ വിദ്യാലയത്തിലെ അധ്യാപകർ തന്നെയാണ് പരിശീലനംനൽകുന്നത്.ഇതിനായി അധിക സമയവും ശനിയാഴ്ച പോലുള്ള അവധി ദിവസങ്ങളും ഉപയോഗപ്പെടുത്തുന്നു.കഴിഞ്ഞ രണ്ട് വർഷവും മികച്ച റിസൾട്ടാണ് സ്കോളർഷിപ്പ് പരീക്ഷകളിൽ നമ്മുക്കുണ്ടാക്കാൻ സാധിച്ചത്. കഴിഞ്ഞ വർഷം ഒരു കുട്ടി LSS സ്കോളർഷിപ്പിനും,രണ്ട് കുട്ടികൾ USS സ്കോളർഷിപ്പിനും അർഹരായി.മുൻ വർഷം രണ്ട് കുട്ടികൾ NMMS സ്കോളർഷിപ്പിനും രണ്ട് കുട്ടികൾ USS സ്കോളർഷിപ്പിനും, ഒരു കുട്ടി LSS സ്കോളർഷിപ്പിനും അർഹത നേടിയ കാര്യം കൂടി ഇവിടെ പരാമർശിക്കുന്നു.

## വിവിധദിനാചരണങ്ങൾ

ലോക പരിസ്ഥിതി ദിനത്തിൽ തൈകൾ നട്ടുപിടിപ്പിച്ച് ഹരിത വിദ്യാലയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കുട്ടികൾക്ക് പരിസ്ഥിതി ദിനസന്ദേശം നൽകുകയും,പോസ്റ്റർ രചന,ചിത്ര രചന, ക്വിസ് തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ആരോഗ്യ വകുപ്പുമായി ചേർന്ന് കുട്ടികൾക്കായി യോഗക്ലാസ് സംഘടിപ്പിച്ചു.പ്രമുഖ യോഗ ഇൻസ്ട്രക്ടർ ഡോ: ആയിഷ ഫെബിന ക്ലാസിന് നേതൃത്തംനൽകി.വയന ദിനാഘോഷ പരിപാടികളുടെ ഉദ്ഘാടനത്തിനായി എഴുത്തുകാരൻ പി കെ ജയചന്ദ്രനെയും, വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണത്തിൽ ശ്രീ.ശ്രീജേഷ് മാസ്റ്ററെയും പങ്കെടുപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.





## സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ്

കുട്ടികളിൽ ജനാധിപത്യ ബോധം ഉണ്ടാക്കുക, പാർലമെൻററി സംവിധാനത്തെകുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ നടത്തിയ സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ് വളരെ ശ്രദ്ധേയമായി.സാധാരണ തെരഞ്ഞെടുപ്പിനെ വെല്ലുന്ന രീതിയിലായിരുന്നു സംഘാടനം.വോട്ടിംഗ്മെഷീൻ ഉപയോഗിച്ച് നടത്തിയ തെരഞ്ഞെടുപ്പ് നാമനിർദ്ദേശ പത്രിക സമർപ്പണം മുതൽ പാർലമെൻറ് അംഗങ്ങളുടെ സത്യപ്രതിജ്ഞ വരെയുള്ള പ്രക്യയകൾ കുട്ടികൾക്ക് പഠനാർഹമായിരുന്നു.

## ബോധവത്ക്കരണ - മോർട്ടിവേഷൻ ക്ലാസുകൾ

രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി ധാരാളം ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പി ക്കാൻ കഴിഞ്ഞിട്ടുണ്ട്.ബേഠി ബച്ചാവോ ബേട്ടി പഠാവോ എന്ന പേരിൽ രക്ഷിതാക്കൾക്ക് പാരൻറിംഗ് ക്ലാസ് നൽകി. പ്രമുഖ ട്രൈനർ ശ്രീ.സുജിത്ത് ലാൽ നേതൃത്തം നൽകി. കുട്ടികളിൽ പഠന താത്പര്യവും, ആത്മവിശ്വാസവും വളർത്തുക എന്ന ഉദ്ദേശ്യത്തോടെ പ്രമുഖ ട്രൈനർ ശ്രീ ജോസഫ് വർഗീസ് സാറിനെ പങ്കെടുപ്പിച്ച് നടത്തിയ മോട്ടിവേഷൻ ക്ലാസ് വളരെ ശ്രദ്ധേയമായി.ടീൻസ് ക്ലബ്ബിലെ കുട്ടികൾക്കായി നടത്തിയ ബോധവത്ക്കരണ ക്ലാസിന് തരിയോട് സി എച്ച് സി യിലെ മുഹമ്മദലി സർ നേതൃത്തം നൽകി.ലോക പുകയില വിരുദ്ധദിനത്തിൻെറ ഭാഗമായി കുട്ടികൾക്ക് നൽകിയ ക്ലാസിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ചാർളിയും, ലഹരി വിരുദ്ധ ദിനാചരണത്തിൻെറ ഭാഗമായി സംഘടിപ്പിച്ച ബോധവത്ക്കരണ ക്ലാസിന് സിവിൽ എക്സൈസ് ഓഫീസർ ശ്രീ സജി പോളും നേതൃത്തം നൽകി.ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് രക്ഷിതാക്കൾക്കായി സൈബർ സുരക്ഷാ പരിശീലന ക്ലാസും നൽകുകയുണ്ടായി.









## വിജയോത്സവം

കഴിഞ്ഞ അധ്യയന വർഷത്തിൽ SSLCപരീക്ഷയിൽ ഉന്നത വിജയം നേടി സ്കൂളിൻെറ അഭിമാനതാരങ്ങളായ വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളെയും വിജയോത്സവ വേദിയിൽ അനുമോദിച്ചു.12-9-2023 ന് സംഘടിപ്പിച്ച ചടങ്ങ് ജില്ലാപഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാർ ഉദ്ഘാടനം ചെയ്തു. വിജയികൾക്കും,LSS സകോളർഷിപ്പ് ജേതാക്കൾക്കും,മറ്റ് മേഖലകളിൽ മികവ് പുലർത്തിയവർക്കുമുള്ളഉപഹാരങ്ങൾ,ക്യാഷ് പ്രൈസ് എന്നിവ നൽകി ആദരിക്കുകയുണ്ടായി.പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് പി ബാലൻ,ജില്ലാ പഞ്ചായത്ത് ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ ശ്രീ എം മുഹമ്മദ് ബഷീർ, ഗ്രാമ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ജസീല ളംറത്ത്,വാർഡ് മെമ്പർ ബുഷറ വൈശ്യൻ, പി ടി എ പ്രസിഡൻറ് കെ എ മുഹമ്മദ് ഷാഫി,എസ്എംസി ചെയർമാൻ ഉസ്മാൻ കാഞ്ഞായി തുടങ്ങിയവർ പങ്കെടുത്തു.



## ഓണാഘോഷം

വൈവിധ്യമാർന്ന പരിപാടികളോടെയാണ് ഓണാഘോഷം സംഘടിപ്പിച്ചത്. പൂക്കള മത്സരം,കുട്ടികളുടെ വിവിധ കലാപരിപാടികൾ,വിവിധഫണ്ണീ ഗെയിമുകൾ എന്നിവ നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.പായസം ഉൾപ്പെടെ ഉള്ള വിഭവ സമൃദമായ ഓണസദ്യ ഒരുക്കാനും കഴിഞ്ഞിട്ടുണ്ട്.ഇത്തരം ആഘോഷ പരിപാടികൾ വിജയിപ്പിക്കുന്നതിൽ പി ടി എ, എം പി ടി എ,എസ് എം സി അംഗങ്ങൾ നൽകിയ സഹകരണം പ്രത്യേകം എടുത്ത് പറയാൻ ആഗ്രഹിക്കുന്നു.



## തനത് പ്രവർത്തനങ്ങൾ

* സബ്ജക്ട് ക്ലിനിക്ക്
* അക്ഷരക്കൂട്ട്
* പൊലിമ

പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് ആവശ്യമായ കൈത്താങ്ങ് നൽകി അവരെ ഉയർത്തികൊണ്ട് വരിക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ഈ പരിപാടികൾ ഏറെ ഫലപ്രദമാക്കാൻ കഴിഞ്ഞു.ഓരോ വിഷയത്തിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കായി പ്രത്യേക പിരിശീലനം നൽകുന്നു

## സ്റ്റാർ പദ്ധതി

അക്കാദമിക നിലവാരം മെച്ചെപ്പെടുത്തുക, കുട്ടികൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകുക എന്ന ഉദ്ദേശ്യത്തോടെ നടത്തുന്ന പരിപാടിയാണ് സ്റ്റാർ പദ്ധതി കുട്ടികളുടെ പഠന നിലവാരം വിലയുരുത്തി, നിശ്ചിത ശതമാനത്തിലേറെ സ്കോർ നേടി മികവ് പുലർത്തുന്നവർക്ക് എല്ലാ മാസവും പ്രത്യേക ചടങ്ങിൽഎക്സലൻറ്,Good,സ്റ്റാർ എന്നീ സ്റ്റാറുകൾ അണിയിച്ച് അനുമോദിക്കുന്നു.

## പിറന്നാളിനൊരു പൂച്ചട്ടി

വിദ്യാലയത്തിൻെറ സൗന്ദര്യവത്ക്കരണത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തംഉണ്ടാക്കുക, വിദ്യാലയം ഒരു ഹരിത ഉദ്യയനമാക്കുകഎന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ ഈ പദ്ധതി കഴിഞ്ഞ രണ്ട് വർഷമായിട്ട് തുടരുകയാണ്.കുട്ടികളും അധ്യാപകരും അവരുടെ പിറന്നാൾ ദിനത്തിൽ സ്കൂളിലേക്കായി ഒരു പൂച്ചട്ടി സമ്മാനിക്കുന്നു. ഇത്തരത്തിൽ ധാരാളം പൂച്ചട്ടികൾ സ്കൂളിൽ ലഭിച്ചിട്ടുണ്ട്.

തരിയോട് ഹയർസെക്കണ്ടറി സ്കൂളിലെ എൻ എസ് എസ് യൂണിറ്റ് നമ്മുടെ വിദ്യാലയത്തിൽ സംഘടിപ്പിച്ച ക്യാമ്പിൻെറ ഭാഗമായും സ്കൂൾ സൗന്ദര്യവത്ക്കരണ പ്രവർത്തനങ്ങിൽ സഹകരിച്ചിട്ടുണ്ട്.







## മികവുകൾ

2023-24 അധ്യയന വർഷം മികവിന്റെ വർഷമായിരുന്നു.നിരവധി പുരസ്കാരങ്ങളും അവാർഡുകളും വിദ്യാലയത്തിലെത്തി.സബ് ജില്ല മുതൽ സംസ്ഥാനതലം വരെ നമ്മുടെ വിദ്യാലയം അടയാളപ്പെടുത്തപ്പെട്ടു.2023 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അവാർഡിന് നമ്മുടെ വിദ്യാലയംഅർഹതനേടി.ഇന്ത്യയിലെ ഏറ്റവും വലിയ കുട്ടികളുടെ ഐ ടി കൂട്ടായ്മയായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിററിൽ കൈറ്റ്സ് യൂണിറ്റിനുള്ള 2023-24വർഷത്തെ പ്രവർത്തന മികവിനാണ് അവാർഡ് ലഭിച്ചത്. വയനാട് ജില്ലയിലെ ഏറ്റവും മികച്ച മൂന്നാമത്തെ ക്ലബ്ബിനുള്ള അവാർഡാണ് നമ്മുക്ക് ലഭിച്ചിട്ടുള്ളത്. പതിനഞ്ചായിരം രൂപയുടെ ക്യാഷ് അവാർഡും, ശില്പവും, പ്രശസ്തി പത്രവും അടങ്ങുന്നതായിരുന്നു പുരസ്കാരം. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലെ ശങ്കരനാരായണ തമ്പി ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ ബഹു. കേരള വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി ശ്രീ വി ശിവൻകുട്ടിയിൽ നിന്ന് ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്,ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ കെ ഹാരിസ്, മിസ്ട്രസ് അനില എസ്, ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ മുഹമ്മദ് നാഫിൽ, മുബശ്ശിറ,മുഹമ്മദ് അസ്‌ലം, ഫാത്തിമ ഫർഹ എന്നിവരടങ്ങിയ പ്രതിനിധി സംഘം പുരസ്കാരം സ്വീകരിച്ചു.SSLC പരീക്ഷയിലെ നൂറ് ശതമാനം വിജയത്തിന് കൽപ്പറ്റ എം എൽഎ ശ്രീ ടി സിദ്ധിഖ് അവറുകളുടെ എക്സലൻറ്സ് അവാർഡിന് തുടർച്ചയായി രണ്ടാം തവണയും നാം അർഹരായി എന്ന സന്തോഷവും പ്രത്യേകം അറിയിക്കുന്നു.

SSLCപരീക്ഷയിൽ ആയിഷ തഹ്‌ലിയ, ഫൈറൂസ ഫാത്തിമ, അൻഷിത കെ, ആയിഷ ഷമീമ എന്നീ കുട്ടികൾ ഫുൾ എ പ്ലസ് നേട്ടം കൈവരിച്ചു.LSS,USS സ്കോളർഷിപ്പ്പരീക്ഷകളിൽ മികച്ച റിസൾട്ട് ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. മിൻഹാ ഫാത്തിമ എന്ന കുട്ടിക്ക് LSS സ്കോളർഷിപ്പിനും, ഷിഫാന ഷെറിൻ, ആദില ഫാത്തിമ എന്നിവർക്ക് USS സ്കോളർഷിപ്പിനും അർഹത നേടികൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.സബ് ജില്ല, ജില്ലാതല ശാസ്ത്രമേള കളിലും, കലാ-കായിക മേളകളിലും, വിവിധ ഏജൻസികൾ സംഘടിപ്പിച്ച ക്വിസ് മത്സരങ്ങൾ, കവിതാരചന, കഥാരചന, ഉപന്യാസരചന, തുടങ്ങിയവകളിലെല്ലാം ഉയർന്ന പ്രകടനം കാഴ്ചവെക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞു.

ഐ ടി മേളയിൽ ഹൈസ്കൂൾ വിഭാഗം ആനിമേഷനിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടിയ മുഹമ്മദ്റംനാസ് തിരുവന്തപുരത്ത് നടന്നസംസ്ഥാനതല മത്സരത്തിലും മകച്ച പ്രകടനം കാഴ്ച്ചവെച്ചു. ജില്ലാ കലാമേളയിൽ മലയാളം കഥാ രചനയിൽ ആയിഷ തഹ്ലിയയും, ഉർദു പ്രസംഗത്തിൽ നജ ഫാത്തിമക്കും എ ഗ്രേഡ്നേടാൻകഴിഞ്ഞിട്ടുണ്ട്.ഉർദു ടാലൻറ് ടെസ്ററ് പരീക്ഷയിൽ ഫാസില പി കെ സംസ്ഥാനതലത്തിൽ A ഗ്രേഡ് നേടി.പത്താം തരത്തിലെ മുഴുവൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും എ ഗ്രെഡോടെ ഗ്രെസ് മാർക്കിന് അർഹത നേടികൊടുത്ത ജില്ലയിലെ അപൂർവ്വം സ്കൂളുകളിലൊന്നാണ് നമ്മുടെ വിദ്യാലയം.ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിലേക്ക് ആനിമേഷൻ,പ്രോഗ്രാമിംഗ് വിഭാഗത്തിൽ മുബഷിറ, മുഹമ്മദ് നാഫിൽ എന്നീ രണ്ട് കുട്ടികൾ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.കൂടാതെ മുഹമ്മദ് നാഫിൽ എന്ന കുട്ടിക്ക് സംസ്ഥാന തല ക്യാമ്പിലേക്ക് സെലക്ഷൻ ലഭിച്ചത് വലിയ അംഗീകാരമായി കാണുന്നു. ഈ അഭിനാർഹമായ നേട്ടങ്ങൾ നേടി വിദ്യാലയത്തിൻെറ പേര് വാനോളമുയർത്തിയ മുഴുവൻ പ്രതിഭകളെയും, പരീശീലനം നൽകിയ അധ്യാപകരെയും, സഹകരിച്ച രക്ഷിതാക്കളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## ഭൗതിക സൗകര്യങ്ങൾ

നമ്മുടെ വിദ്യാലയം 2013ൽ സെക്കന്ററി സ്കൂളായി അപ്ഗ്രേഡ് ചെയ്തെങ്കിലും കെട്ടിടസൗകര്യമുൾപ്പെടെയുള്ള ധാരാളം പരിമിതികൾ ഉണ്ടായിരുന്നു.കഴിഞ്ഞ രണ്ട് വർഷത്തെ കൂട്ടായ പ്രവർത്തനത്തിലൂടെ സ്കൂളിൻെറ ഭൗതിക സൗകര്യങ്ങളിൽ അത്ഭുത പൂർവ്വമായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്.കുടിവെള്ള പ്രശ്നം,സൗകര്യപ്രദമായ സയൻസ് ലാബ്,സ്കൂൾബസ്,ലൈബ്രറി നവീകരണം. ചുറ്റുമതിൽ,ഗൈറ്റ് എന്നിവയുടെ പുന.നിർമ്മാണം,വിശാലമായഓഡിറ്റോറിയം, തുടങ്ങിയ പ്രധാന ലക്ഷ്യങ്ങൾ മുൻനിർത്തിയായിരുന്നു കമ്മിറ്റി പ്രവർത്തിച്ചത്. ഇതിലേറെക്കുറെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.ജില്ലാ പഞ്ചായത്തിൻെറ ഇരുപത്തി അഞ്ച് ലക്ഷം രൂപയുടെ ഫണ്ട് ഉപയോഗിച്ച്ആൺകുട്ടികൾക്കും,പെൺ കുട്ടികൾക്കുമുള്ള രണ്ട് മനോഹരമായ ടേയിലറ്റ് ബ്ലോക്കുകളുടെയും ജില്ലാ പഞ്ചായത്ത് അനുവദിച്ച അഞ്ച് ലക്ഷം രൂപയുടെ ഫൺണീച്ചർ ഉപയോഗപ്പെടുത്തി നവീകരിച്ച ലൈബ്രറിയുടെയും സർക്കാറിൻെറ ”സ്റ്റാർസ്”പദ്ധതിയിൽ ഉൾപ്പെടുത്തി SSKവയനാട് വഴി അനുവദിച്ച പത്ത് ലക്ഷം രൂപ ഉപയോഗിച്ച് സ്മാർട്ടാക്കിയ പ്രീപ്രൈമറിയുടെയും ഉദ്ഘാടനം മികച്ച രീതിയിൽ നടത്താൻ കഴിഞ്ഞു.



ചടങ്ങിൽ പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് പി ബാലൻ, ജില്ലാ പഞ്ചായത്ത് ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ ശ്രീ എം മുഹമ്മദ്ബഷീർ,ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, എസ്എസ്കെ വയനാട് കോർഡിനേറ്റർമാർ എന്നിവരെയെല്ലാം പങ്കെടുപ്പിക്കാൻ കഴിഞ്ഞു.

നമ്മുടെ നമ്മുടെ ഏറ്റവും വലിയൊരു ആവശ്യമായിരുന്നു സ്കൂൾ ബസ്.അഡ്വ. ടി സിദ്ധിഖ് എം എൽ എ ഇതിനായി ഇരുപത്തിഒന്ന് ലക്ഷംരൂപ അനുവദിക്കുകയുണ്ടായി.സ്കൂൾ ബസിൻെറ ഉദ്ഘാടനവും ആഘോഷപൂർവ്വം നാം നടത്തുകയുണ്ടായി.ജില്ലാപഞ്ചായത്ത്പ്രസിഡൻറ് സംഷാദ്മരക്കാർ,ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ ശ്രീ എം മുഹമ്മദ് ബഷീർ,ഗ്രാമ പഞ്ചായത്ത് വൈസ്പ്രസിഡൻറ് ഗിരിജ കൃഷ്ണ, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയ ജനപ്രതിനിധികളുടെ സാനിധ്യത്തിൽ കൽപ്പറ്റ നിയോജക മണ്ഡലം എം എൽ എ അഡ്വ.ടി സിദ്ധിഖ് സ്കൂൾ ബസിൻെറ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.ചടങ്ങിൽ പങ്കെടുത്തവർക്കെല്ലാം പായസംനൽകി.

സൗകര്യ പ്രദമായ സയൻസ് ലാബ് എന്നത് മറ്റൊരു പ്രധാന ആവശ്യമായിരുന്നു.ഇതിനായി ജില്ലാ പഞ്ചായത്ത് പതിനഞ്ച്ലക്ഷം രൂപയുടെ ഫണ്ട് അനുവദിക്കുയും അതിൻെറ വർക്കുകൾ നടക്കുകയും ചെയ്യുകയാണ്.കൂടാതെ ഓഫീസ്,സ്റ്റാഫ്റൂം എന്നിവ നവീകരിക്കുന്നതിനായി ജില്ലാപഞ്ചായത്ത് പത്ത് ലക്ഷംരൂപയുടെ ഫർണീച്ചറുകൾ അനുവദിക്കുകയും വർക്ക്പൂർത്തിയാക്കി നവീകരിക്കുകയും ചെയ്തിട്ടുണ്ട്.ചുറ്റുമതിലും ഗൈറ്റും പുന.നിർമ്മിക്കുക എന്നത് നമ്മുടെ മറ്റൊരു പ്രധാന പ്രവർത്തന ലക്ഷ്യമായിരുന്നു.ഇതിനായി പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിനെ സമീപിച്ചു. ചുറ്റുമതിൽ നിർമ്മാണത്തിനായി ആറ് ലക്ഷം രൂപ അനുവദിക്കുയും ഇതിൻെറ പണി നടന്ന്കൊണ്ടിരിക്കുകയുമാണ്. എസ്എസ്കെ വയനാട്അനുവദിച്ച ഒരു ലക്ഷത്തി അറുപതിനായിരം രൂപ ഉപയോഗപ്പെടുത്തി രണ്ട്ടേയിലറ്റ്ഉൾക്കൊള്ളുന്ന ബ്ലോക്കിൻെറ വർക്കും ഏറെക്കുറെ പൂർത്തിയാക്കിയിട്ടുണ്ട്.മറ്റൊരു അതിപ്രധാന ആവശ്യമായ കുടിവെള്ള പ്രശ്നം ഉടൻ പരിഹാരമാകുമെന്ന പ്രതീക്ഷയിലാണ്. ബോർവെല്ലിനായി ജില്ലാ പഞ്ചായത്ത് അഞ്ച് ലക്ഷം രൂപ ഫണ്ട് വകയിരുത്തി നടപടിക്രമങ്ങൾ പൂർത്തിയായികൊണ്ടിരിക്കുന്നു.സ്കൂളിൻെറ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഭൗതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തി ഏറ്റവുമധികം സഹായം നൽകിയ ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ ശ്രീ എം മുഹമ്മദ് ബഷീറിനോട് കമ്മിറ്റിയുടെ പ്രത്യേക കൃതക്ഞത രേഖപ്പെടുത്തുന്നു.





സ്ഥാപനത്തിൻെറ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ഫണ്ട് അനുവദിച്ച് ശ്രീ ടി സിദ്ധിഖ് എം എൽ എ,വയനാട്ജില്ലാപഞ്ചായത്ത്,പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്, SSK വയനാട് എന്നിവരോടും വാർഡ് മെമ്പർ ബുഷറ വൈശ്യൻ ഉൾപ്പെടെയുള്ള ജനപ്രതിനിധികളോടുമുള്ള നന്ദിയും കടപ്പാടും പ്രത്യേകം രേഖപ്പെടുത്തുന്നു.

## ക്ലാസ് പി ടി എ യോഗങ്ങൾ

എല്ലാ മാസവും ക്ലാസ് ടെസ്റ്റുകളും യൂണിറ്റ് പരീക്ഷകളും നടത്തി, ശേഷം LP,UP,HS സെക്ഷനുകളുടെ ക്ലാസ് പി ടിഎ യോഗങ്ങൾ പ്രത്യേകംവിളിച്ച് ചേർക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ യോഗങ്ങളിലും ഏതാണ്ടെല്ലാം രക്ഷിതാക്കളും പങ്കെടുത്തിരുന്നു. ഇത്തരം സംഗമങ്ങളിൽ വിദഗ്ദരായ എക്സ്പേർട്ടുകളെ ഉപയോഗപ്പെടുത്തി മോട്ടിവേഷൻ ക്ലാസുകളും,ബോധവത്ക്കരണ ക്ലാസുകളും നൽകിയിട്ടുണ്ട്.പത്താം തരം രക്ഷിതാക്കളുടെമാത്രം പത്തോളം ക്ലാസ് പിടിഎ യോഗങ്ങൾ ചേർന്നത് ഇവിടെ പ്രത്യേകം പരാമർശിക്കാൻ ആഗ്രഹിക്കുന്നു.

## പിടിഎ എക്സിക്യൂട്ടീവ്കമ്മറ്റി യോഗങ്ങൾ

പി ടി എ കമ്മറ്റി നിലവിൽ വന്ന ശേഷം ഏഴ് എക്സിക്യൂട്ടീവ് യോഗങ്ങൾ, ആറ് എം പി ടി എ യോഗങ്ങൾ,3എസ് എം സി യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളിലെല്ലാം പരമാവധി അംഗങ്ങൾ പങ്കെടുക്കുകയും കൂട്ടായ ചർച്ചകളിലൂടെ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കിയിട്ടുമുണ്ട്.പല പ്രോഗ്രാമുകളും നടത്തുന്നതിനായുള്ള സാമ്പത്തിക ആവശ്യങ്ങൾക്കായി അംഗങ്ങൾ സ്വയം തുക നൽകി സഹരിച്ച കാര്യം കൂടി ഇവിടെ രേഖപ്പെടത്തട്ടേ.കഴിഞ്ഞ രണ്ട് വർഷവും SSLCപരീക്ഷയ്ക്ക് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിലെത്തിച്ച് പരീക്ഷ എഴുതിക്കുന്നതിൽ പിടിഎ അംഗങ്ങളുടെ സഹകരണം എടുത്ത് പറയേണ്ടതാണ്. സ്മാട്ട് ബെല്ല്, മിക്സി, പാത്രങ്ങൾ, ഉരുളി തുടങ്ങിയസാധനങ്ങൾ സ്പോൺസർഷിപ്പിലൂടെ എത്തിച്ച് സ്കൂളിൻെറ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടൽ നടത്തനം അംഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.സ്കൂളിൻെറ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഭൗതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തി ഏറ്റവുമധികം സഹായം നൽകിയ ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ ശ്രീ എം മുഹമ്മദ് ബഷീറിനോട് കമ്മിറ്റിയുടെ പ്രത്യേക കൃതക്ഞത രേഖപ്പെടുത്തുന്നു.



2023-24 അധ്യയന വർഷം പാഠ്യ-പാഠ്യേതര രംഗങ്ങളിൽ ഉയർന്ന നിലവാരം പുലർത്താൻ നമ്മുക്ക് കഴിഞ്ഞു.സ്കൂളിൻെറ അക്കാദമിക നിലവാരം ഉയർന്നിട്ടുണ്ട്.ഭൗതിക സാഹചര്യങ്ങളിൽ പ്രകടമായ മാറ്റങ്ങൾ കൊണ്ട് വരാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുണ്ട്.വിശായമായ ഓഡിറ്റോറിയംവേണം.ഗൈറ്റ് പുന.നിർമ്മിക്കണം.വാഷ്ഏരിയകൾ പണിയണം. ഭക്ഷണശാല സൗകര്യപ്പെടുത്തണം. കൂടുതൽ വിശാലമായ പ്ലേ ഗ്രൗണ്ടിനായി ഭൂമികണ്ടെത്തണം,ഇതൊരു ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തണം ...........

ഇനിയും ഒരുപാട് ലക്ഷ്യങ്ങൾ നമ്മുക്ക് മുന്നിലുണ്ട്.ഈലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വരുന്ന പി ടി എ കമ്മറ്റിക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.

നമ്മുടെവിദ്യാലയത്തിൻെറ ഭൗതിക സൗകര്യങ്ങൾ മെച്ചെപ്പെടുത്തുന്നതിനും,അക്കാദമിക നിലവാരം ഉയർത്തുന്നതിനും സഹായിച്ച ജനപ്രതിനിധികൾ, പി ടി എ, എം പി ടി എ, എസ് എം സി അംഗങ്ങൾ,അധ്യാപകർ,രക്ഷിതാക്കൾ, നാട്ടുകാർ,മറ്റ്ഗുണകാംക്ഷികൾ എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

(ജനറൽ ബോഡിയിൽ അവതരിപ്പിച്ച പിടിഎ യുടെ 2023-24 അധ്യയന വർഷത്തെ പ്രവർത്തന റിപ്പോർട്ട്)



2023-24 വർഷത്തെ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ പ്രകാശനം വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരയ്ക്കാർ നിർവ്വഹിക്കുന്നു.

# കുട്ടികളുടെ ചില മനോഹരമായ സൃഷ്ടികൾ

## ലഹരി എന്ന വിപത്ത്




ഇന്നത്തെ സമൂഹത്തിൽ വളരെ അധികം ചർച്ചചെയപ്പെടുന്ന ഒന്നാണ് ലഹരി. ഒരു രാജ്യത്തിന്റെ ഭാവി അവിടത്തെ കുട്ടികളാണ്. ഇവരിൽ സുലഭമായി കണ്ടുവരുന്നൊരു വിപത്താണ് ലഹരിയുടെ ഉപയോഗം. ലഹരി എന്നാ സംമൂഹിക വിപത്തിനെതിരെ ജനങ്ങളെ ബോധ വത്ക്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഐകരാഷ് ് സഭ ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നത്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് എത്രയെത്ര പേരുടെ ജീവിതമാണ് നമുക്ക് ചുറ്റും എരിഞ്ഞുതീരുന്നത്. ഇന്നത്തെ സമൂഹം വളെരെയധികം ലഹരിക്ക് അടിമപ്പെട്ട് കൊണ്ടിരി ക്കുകയാണ്.

ആഘോഷവും ആനന്ദവും ആയി തുടങ്ങുന്ന ലഹരിയാണ് പിന്നീട് ജീവിതം തന്നെ നശിപിക്കുന്നത്. മയക്കുമരുന്ന്, മദ്യം കഞ്ചാവ്, പുകയില, തുടങ്ങിയ നിരവധി ലഹരി

പദാർത്ഥങ്ങ ളുടെ ഉപയോഗം മൂലം പുതുതല മുറ നശിച്ചുകൊണ്ടിരിക്കു കയാണ്.തെറ്റായ കൂട്ടുകെട്ടി ലുടെ യും ലഹരിയുടെ ഉപയോഗത്തിലേ ക്ക് നയിക്കും.ലഹരിയുടെ ഉപ യോ ഗം കാരണം മക്കൾക്കു അ മ്മയെ യും സഹോദരിമാരെയും തിരിച്ചറിയാ തെയാകുന്നു.

ഓരോകുറ്റകൃത്യങ്ങളുടെയൊക്കെ പിന്നിൽ ലഹരിയുടെ അമിത ഉപ യോഗംതന്നെ ആയിരിക്കും. ഏറ്റവും സങ്കടകരമായ കാര്യം യു വാക്ക ളെയും കുട്ടികളെയുമാണ് ലഹരി വേട്ടയാടുന്നത് എന്നതാണ്.നമ്മുക്ക് ഓരോരുത്തർക്കും ലഹരിക്കെതിരെ ഒരു ഉറച്ചതീരുമാനം എടുക്കാം ഞാൻ ഒരിക്കലും എന്റെ ജീവിതത്തിൽ ലഹരി ഉപയോഗിക്കുകയില്ലയെന്ന്. ജീവിതമാണ് യഥാർത്ഥ ലഹരി എന്ന സന്ദേശം നമ്മുക്ക് സമൂഹത്തിന് നൽകാം.



Rena Sherin
10 A

# ' വൃദ്ധസദനങ്ങൾ ആവശ്യമോ?'



സമൂഹത്തിൽ കുടുംബ ജീവിതത്തിന് വളരെയധികം പ്രാധാന്യം കൊടുക്കുന്ന രാജ്യമാണ് ഇന്ത്യ.വ്യവസ്ഥാപിതമായ കുടുംബ സംവിധാനം ശക്തമായി നില നിൽക്കുന്നു എന്നതാണ് ഇന്ത്യയുടെ കരുത്തിന്റെ മുഖ്യ ഘടകങ്ങളിലൊന്ന്. വ്യക്തികൾക്ക് സ്വാതന്ത്ര്യം ഉണ്ടായി രിക്കുമ്പോഴും കുടുംബം അവർക്കു മേ ൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടു ത്തുന്ന ജീവിത സംവിധാനമാണ് ഇവി ടെയുള്ളത്.അത് അച്ചടക്ക മാർന്ന ജീ വിതത്തിന് അടിത്തറ പാകുന്ന ഒന്നാ ണ്.വൃദ്ധജനങ്ങളുടെ സംരക്ഷണത്തി ന്റെ കാര്യത്തിൽ ഇന്ത്യൻ കുടുംബ വ്യവസ്ഥയ്ക്ക് നിർണ്ണായക പങ്കുണ്ട്. ഇന്ത്യയിൽ വൃദ്ധജന സംരക്ഷണം കു ടുംബങ്ങളുടെ അനിവാര്യമായ ചുമ തല കളിൽ ഒന്നാണ്. പല വികസിത രാജ്യങ്ങളിലും അത് രാഷ്ട്രത്തിന്റെ ചുമതലയാണിന്ന്.ഇന്ത്യയിൽ ആ സ്ഥി തി സംജാതമായിട്ടില്ല. പക്ഷേ,മാറി വ രുന്ന ജീവിത സാഹചര്യങ്ങൾ വൃദ്ധജന സംരക്ഷണ ദൗത്യത്തിൽ നിന്ന് കുടും ബങ്ങളെ അകറ്റുന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്നത്.ഇത് ഇന്ത്യൻ വാർദ്ധ ക്യ ജീവിതത്തെ ആശങ്കാകുലമാ ക്കിയിട്ടുണ്ട്.കുടുംബത്തിന്റെ ഏറ്റവും സുപ്രധാനമായ ഗുണം പരസ്പരാശ്രി തത്വമാണ്. പരസ്പരാശ്രിതത്വം ഏറ്റ വും അനിവാര്യമായ കാലഘട്ടമാണ് വാർദ്ധക്യം. അറുപതു വയസ്സിനുമേൽ പ്രായ മുള്ളവരെയാണല്ലോ നാം വൃദ്ധ രായി കണക്കുകൂട്ടുന്നത്. ഇന്നാകട്ടെ അതൊരു വലിയ പ്രായമല്ല. എന്നാൽ വർഷംപ്രതി കൂടിവരുന്ന വാർധക്യാ വസ്ഥയിൽ ലഭിക്കുന്ന ജീവിത സൗ കര്യങ്ങളുടെ അവസ്ഥ വളരെ ദയ നീയം.

വൃദ്ധരിൽ ഏറിയപങ്കും കുടുംബ ത്തിൽ മക്കളോടൊപ്പം ജീവി ക്കുന് നവരാണ്.25 ശതമാനം നിരാ ലംബരു മാണ്.കേരളത്തിലെ വൃദ്ധരിൽ മുപ്പതു ശതമാനത്തിനു മാത്രമേ വരുമാനമു ള്ളൂ.ഈ കണക്കുകൾ സൂചിപ്പിക്കു ന്നത് കുടുംബാംഗങ്ങളെ ആശ്രയി ക്കാതെ ജീവിക്കാൻ കേരളത്തിലെ വൃദ്ധർക്ക് കഴിയില്ല എന്നതാണ്. എ ന്നാൽ വേണ്ട സംരക്ഷണങ്ങൾ നൽ കി വൃദ്ധർക്ക് സന്തോഷ പൂർണമായ

ജീവിതം നൽകാൻ പിൻതലമുറയ്ക്കും കഴിയുന്നില്ല. വൃദ്ധരെ എങ്ങിനെ ഒഴിവാക്കാം എന്ന ചിന്ത പ്രബലമായി വരുന്ന കുടുംബങ്ങളെയാണ് ഇന്ന് കേരളത്തിൽ ധാരാളമായി കണ്ടുവരുന്നത്. നമ്മുടെ തിരക്കേറിയ ജീവിതചര്യകൾക്കിടയിൽ പലപ്പോഴും വൃദ്ധർ അവഗണനകൾക്കിടയിൽപ്പെടുന്നു. നമ്മെ വളർത്തി വലുതാക്കിയവർ അവരാണെന്നബോധം നമുക്ക് നഷ്ടമായി കൊണ്ടിരിക്കുന്നു. അവരെ സംരക്ഷിക്കേണ്ടത് നമ്മുടെ ചുമതലയാണെന്ന് നാം മറന്നു പോകുന്നതിനാലാണിവിടെ വൃദ്ധസദനങ്ങൾ പെരുകുന്നത്.

ഇന്ത്യൻ കുടുംബ ജീവിത സംവിധാനത്തിന്റെ അപചയമല്ലേ വൃദ്ധ സദനങ്ങൾ എന്ന് നാം ചിന്തിക്കേ ണ്ടതാണ്.കുടുംബത്തിന്റെ ദൃഢതയ്ക്ക് മാതാപിതാക്കൾ അനിവാര്യമാണെന്ന് ബോധ്യപ്പെട്ടാൽ വൃദ്ധസദനങ്ങൾ ആവശ്യമായി തീരുന്നത് ആർക്കാണ് എന്ന് നമ്മൾ ചിന്തിക്കേണ്ടതാണ്.



Asna Fathima
10A

# സൈബർ ലോകം

കമ്പ്യൂട്ടർ അല്ലങ്കിൽ കമ്പ്യൂട്ടർ അധിഷ്ഠിത ശൃംഖലയുമായി ബന്ധപ്പെട്ട കുറ്റകൃത്യ മാണ് സൈബർ ക്രൈം അഥവാ സൈബർ കുറ്റകൃത്യങ്ങൾ.മോഷണം, വ്യാജരേഖ ചമയ്ക്കൽ,അപകീർത്തിപെടുത്തൽ, വഞ്ചന തുടങ്ങിയവ കമ്പ്യൂട്ടറുമായോ കമ്പ്യൂട്ടർ ശൃംഖലയുമായോ ബന്ധപ്പെട്ടത്തി നടക്കുമ്പോഴാണ് അവയെ ഇങ്ങനെ വിളിക്കുന്നത്.വ്യക്തിയുടെ സ്വകാര്യ അവകാശങ്ങളെ ഹനിക്കുന്ന കുറ്റകൃത്യങ്ങളെ സൈബർ ട്രോടസ് എന്ന് പറയുന്നത്. സ്ത്രീകൾക്ക് എതിരായ അതിക്രമം ഏറ്റവും കൂടുതൽ അധികം റിപ്പോർട്ട് ചെയ്യപ്പെടുന്ന രാജ്യമാണ് ഇന്ത്യ.




സമൂഹത്തിൽ നടക്കുന്ന കുറ്റകൃത്യങ്ങളുടെ നേർ ചിത്രമാണ് സൈബർ ഇടങ്ങളിൽ നടക്കുന്ന അതിക്രമവും. റിപ്പോർട്ട് ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങളിൽ നല്ലൊരു പങ്ക് സൈബർകുറ്റകൃത്യങ്ങളാണ്.സൈബർ കുറ്റകൃത്യങ്ങളിൽ ഇരയാകുന്നത് കൂടുതലും സ്ത്രീകളാണ്. Facebook, WhatsApp, Instagram തുടങ്ങിയ മാധ്യമങ്ങളിലൂടെയാണ് സ്ത്രീകൾ കൂടുതലും ചതിക്കുഴികളിൽ വീഴുന്നത്.ആയതിനാൽ സൈബർ ഇടങ്ങളിൽ ജാഗ്രതയോടെ ഇടപെടേണ്ടിയിരിക്കുന്നു.



Amna Fathima
10A

# എന്റെ പ്രേമം

കൊറോണ കാലം.ഞാൻ 5,6 ക്ലാസിൽ പഠിച്ചിരുന്ന കാലം. ഫുട്ബോൾ ആയിരുന്നു അന്നത്തെ വിനോദം എനിക്ക് ഫുട്ബോൾ കളിക്കാൻ അറിയില്ലായിരുന്നു. പക്ഷേ അത് എന്താണെന്ന് മാത്രം അറിയാം. ഞങ്ങൾ വാടകവീട്ടിൽ ആയിരുന്നു താമസി ച്ചിരുന്നത്. ആ നാട്ടിലെ കുട്ടികൾ ഫുട്ബോ ൾ കളിക്കുമായിരുന്നു. വളരെ സന്തോഷ മായി ഞാൻ വിചാരിച്ചു എന്നെ അവർ കളിക്കാൻ കൂട്ടി എല്ലാം പഠിപ്പിച്ചു തരുമെന്ന്. ആദ്യം ഞാൻ കളിക്കാൻ പോയപ്പോൾ അവർ എന്നെ കളിക്കാൻ കൂട്ടി. പക്ഷേ അടു ത്ത ദിവസം മുതൽ അവർ പല കാരണ ങ്ങൾ പറഞ്ഞ് എന്നെ കൂട്ടാതെയിരുന്നു. എനിക്ക് കളിക്കാൻ അറിയാത്തതു കൊ ണ്ടായിരിക്കാം അവർ കൂട്ടാതിരുന്നത്. പിന്നെ ഞാൻ കളിക്കാൻ പോകാറില്ല. എന്നാലും ഫുട്ബോളിനോടുള്ള എന്റെ പ്രേമം കുറഞ്ഞിട്ടില്ലായിരുന്നു.

എന്റെ ഉപ്പ ഗൾഫിലായിരുന്നു. കോവിഡ് പ്രതിസന്ധി കുറഞ്ഞപ്പോൾ ഉപ്പ ഗൾഫിൽ നിന്ന് വന്നു. ഒരു ഫുട്ബോൾ കൊണ്ടുവന്നിരുന്നു. പിന്നെ കുറച്ച് ദിവസം അത് കൊണ്ട് ഒറ്റക്ക് വീട്ടിൽ നിന്ന് തട്ടി ക്കളിച്ചു.യൂട്യൂബിലൂടെ ഫുട്ബോളിന്റെ അടി സ്ഥാന കാര്യങ്ങൾ പഠിച്ചെടുത്തു. എന്തു കൊണ്ടാണ് എന്ന് അറിയില്ല ഫുട്ബോളി നോട് എനിക്ക് വല്ലാത്ത ഒരു ആവേശമാ ണ്.

അങ്ങനെ ഒന്ന് രണ്ടുമാസം കഴിഞ്ഞു ഞങ്ങൾ ആ വാടക വീട്ടിൽ നിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറി. അവിടെയും കുട്ടികൾ ഫുട്ബോൾ കളിക്കാർ ഉണ്ടായി രുന്നു.ഞങ്ങൾ താമസിക്കുന്ന വീടിന്റെ തൊ ട്ടുമുമ്പിലുള്ള ഗ്രൗണ്ടിൽ. അവിടെ കളിക്കു






ന്നവർ എന്നെ കളിക്കാൻ കൂട്ടുമോ എന്ന് എനിക്ക് സംശയമായിരുന്നു ഞാൻ ചോദിച്ചു നോക്കി, അവർ എന്നെ കളിക്കാൻ കൂട്ടി.. മാസിൻ, അഹ്നാൻ. ഇവർ എനിക്ക് ഫുട് ബോളിൻ്റെ പല കാര്യങ്ങളും പഠി പ്പിച്ചുതന്നു അങ്ങനെ അത്യാവശ്യം ഫുട്ബോൾ കളിക്കാൻ പഠിച്ചു. പിന്നെ അവരുടെ ടീമിൽ എന്നെ ചേർത്തി അവരുടെ കൂടെ ഞാൻ ചെറിയ ചെറിയ ടൂർണമെൻറു കൾക്കും മാച്ചുകൾക്കും പോയി. ഒരു ടൂർണമെൻ്റിൽ ഞാൻ രണ്ട് മൂന്ന് അസിസ്റ്റു നൽകി. അതെല്ലാം എൻ്റെ കൂട്ടുകാർ ഗോളാക്കി മാറ്റി. ഫൈനലിൽ കുറച്ച് ടഫായിരുന്നു. അത് കൊണ്ട് ആ കളി തോറ്റു. വിന്നേസ് കപ്പ് കിട്ടിയില്ല. റണ്ണേസ് കപ്പ് കിട്ടി. റണ്ണേസ് കപ്പാണ് കിട്ടിയതെങ്കിലും ഒരു ടൂർണമൈ ൻെറകിലും കളിക്കാൻ പറ്റി എന്ന തായിരുന്നു എൻ്റെ സന്തോഷം. അങ്ങനെ എൻെറ വലിയൊരാഗ്ര ഹം സഫലമായി.ഫുട്ബോളിനോടാ ണ് എന്നുമെൻെറ പ്രേമം.....


Asfar ES
10A

# കണ്ണീരിലാഴ്ത്തിയ തണ്ണീർ കൊമ്പൻ



ഒരു സുപ്രഭാതം
നാടിനെ വിറപ്പിച്ചെന്ന് ചിലർ പറയുന്നു,
അതിക്രമിച്ചു സൈ്വര്യം കെടുത്തി,
പോകിരി ആയതിനാൽ
കഴുത്തിൽ പട്ട
കാട്ടാന എന്ന
ചെല്ലപ്പേരും,
തണ്ണീർ കൊമ്പനെന്ന
ഇരട്ട പ്പേരും
കണ്ണ് തുറക്കാത്ത
ഭരണാധികാരികൾ,
ജന സ്വരത്തിനോട്ടവിൽ
കണ്ണ് തുറന്നതോ
തന്റെ നാടിതല്ലെന്നറിഞ്ഞതോടെ
ജനത്തിനൊപ്പം പരിഭ്രാന്തിയിലായി
ഒടുവിൽ താൻ തന്നെ കീഴടങ്ങി
അതാ വരുന്നു
വിഷ സൂചിയുമായി
ലോറിയുമായി
എന്നെ ഏറ്റി പോകുന്നു..
എന്റെ സ്ഥലം ഏതെന്ന്
അറിയാതെ
ഞാൻ തിരയുന്നു
എന്നെ എവിടെയോ അവർ എത്തിച്ചെങ്കിലും
എന്റെ കാലുകൾ
തളർന്നിരുന്നു
പേശികൾ വലിഞ്ഞിരുന്നു
ഒരു തുള്ളി ദാഹ ജലം
വേണമായിരുന്നു
ഒടുവിൽ എന്റെ ശ്വാസം മറ്റൊരു പ്രഭാതത്തോടെ

നിലച്ചിരുന്നു..
എന്നെ സൈര്വര്യം കെടുത്തിയവർ തന്നെ പറയുന്നു
അവൻ പാവമായിരുന്നു
ഞങ്ങളുടെ കൂട്ടുകാരൻ
ഞങ്ങളുടെ പ്രിയപ്പെട്ടവൻ
ഇന്നലെ ഞങ്ങൾക്കിടയിൽ
ഒരു തണ്ണീരായ്
ഇന്നിതാ കണ്ണീരിലാഴ്ത്തി....
പ്രിയ തണ്ണീർ കൊമ്പാ..ആയിഷ
നിനക്കന്ത്യഞ്ജലി..





Fathima Sana K K
10A

# AI Camera



അപ്പു അതിരാവിലെ എഴുന്നേറ്റ് കുളിച്ച് കോളേജിൽ പോകുവാനുള്ള ഒരുക്കത്തിലായിരുന്നു. സാധാരണയായി അപ്പുവും അവന്റെ കൂട്ടുകാരും അവന്റെ അച്ഛന്റെ കാറുമായിട്ടാണ് കോളേജിൽ പോകാറ്.അന്നേ ദിവസം കോളേജിൽ പോകാനിരിക്കെ അവന്റെ അച്ഛൻ അവനോട് പറഞ്ഞു 'മോനെ വാഹനമോടിക്കുമ്പോൾ ശ്രദ്ധയോടയും വളരെ കരുതലോടുകൂടെയും വാഹനം ഓടിക്കണം.അല്ലെങ്കിൽ പല അപകടവും സംഭവിക്കും'. മോനെ ഞാൻ ഇന്നത്തെ പത്രം വായിച്ചിരുന്നു. അതിൽ നമ്മുടെ നാട്ടിൽ തന്നെ പല വാഹനാപകടങ്ങളും നടന്നതായി പറയുന്നുണ്ട്. കൊച്ചു കുട്ടികൾ മുതൽ മുതിർന്ന ആളുകൾ വരെ മരണപ്പെട്ടു. അതുകൊണ്ട് തന്നെ മോനെ നീ സൂക്ഷിച്ച് വണ്ടി ഓടിക്കുക'

അപ്പു അച്ഛന്റെ വാക്കിന് വിലകൽപ്പിക്കാതെ അച്ഛന്റെ കയ്യിലുണ്ടായിരുന്ന ചാവിയുമെടുത്ത് അവൻ വീട്ടിൽ നിന്നും കോളേജിലേക്ക് യാത്രയായി.അപ്പുവിന്റെ അച്ഛൻ അവനോട് അങ്ങനെ പറയാനുള്ള കാരണം അവൻ ബാക്കിയുള്ള വാഹനത്തെക്കാൾ വളരെ വേഗത്തിലും അപകടകരമായിട്ടുമാണ് കാർ ഓടിക്കാറ്.മാത്രവുമല്ല നാട്ടിൽ പലയിടത്തും എ ഐ ക്യാമറ ഉണ്ടായിരുന്നു.അപ്പു കോളേജിനരികെ

എന്താനിരിക്കെ അവൻ കാറിന്റെ വേഗത അൽപ്പം കൂട്ടി. അവൻ അവിടെയുണ്ടായിരുന്ന എ ഐ ക്യാമറ ശ്രദ്ധിച്ചിട്ടുണ്ടായിരുന്നില്ല. കാറിന്റെ വേഗത കൂടിയതിനാലും സഹിസികമായി വണ്ടി ഓടിച്ചതിനാലും അവർക്ക് ഫൈൻ ലഭിച്ചു. ഇത് അപ്പുവിന്റെ അച്ഛന്റെ വാഹനമായതിനാൽ അവന്റെ അച്ഛന്റെ മൊബൈലിലായിരിക്കും മെസ്സേജ് വരുക. ഉച്ചയായപ്പോൾ അപ്പുവിന്റെ അച്ഛന്റെ മൊബൈലിലേക്ക് MVDയുടെ മെസ്സേജ്വന്നു.അവന്റെ അച്ഛൻ മെസ്സേജ് നോക്കിയപ്പോൾ 5000 രൂപ ഫൈനുള്ള ഒരു മെസ്സേജ്. അച്ഛൻ ഇത് കണ്ടു ഒന്നു വിയർത്തു.

ഉടനെ പറഞ്ഞു:"എന്റെ ദൈവമേ 5000 രൂപ ഫൈനോ". ഞാൻ അപ്പുവിനോട് പല തവണ പറഞ്ഞതാണ് വണ്ടി സ്പീഡിൽ ഓടിക്കരുതെന്ന്. അവൻ വൈകുന്നേരം വീട്ടിലോട്ട് വരട്ടെ. അവന്റെ വണ്ടി എടുക്കലും പറഞ്ഞാൽ കേക്കാതിരിക്കലും കോളേജിൽ പോക്കും ഒക്കെ ഇന്ന് തന്നെ ഞാൻ നിർത്തി കൊടുക്കും.



വൈകുന്നേരമായപ്പോൾ അപ്പു വീട്ടിൽ എത്തി.

അച്ഛൻ അവനോട് പറഞ്ഞു :നിന്റെ വണ്ടിയെടുത്തുകൊണ്ടുള്ള കോളേജിൽ പോകൽ അത് ഇനി വേണ്ട. വല്ല ബസ്സിനോ,ഓട്ടോറിക്ഷക്കോ പോയാൽ മതി.

അപ്പു അച്ഛനോട് ചോദിച്ചു :അല്ല അച്ഛാ എന്താണ് ഇങ്ങനെയെല്ലാം പറയുന്നത്. ഞാൻ എന്ത് തെറ്റാണ് ചെയ്തത്.

അച്ഛൻ പറഞ്ഞു :മ്... താ നീ ഇത് നോക്ക്.MVDയുടെ 5000 രൂപ ഫൈനുള്ള മെസ്സേജാണിത്. നീ സാഹസികമായി വാഹനമോടിച്ചതിന്റെ പേരിൽ. അതുകൊണ്ടു എന്റെ മോൻ ഈ 5000 രൂപ അടച്ചിട്ട് വീട്ടിൽ കയറിയാൽ മതി.

അപ്പു അച്ഛനോട് കരഞ്ഞുകൊണ്ട് പറഞ്ഞു :അച്ഛാ ഞാൻ ഇനിമുതൽ വാഹനം മെല്ലെ ഓടിച്ചുകൊള്ളാം. ഞാൻ ഇനി ഇത് ഒരിക്കലും ചെയ്യുകയില്ല.

അച്ഛൻ പറഞ്ഞു : ഇത്തവണ ഞാൻ ക്ഷമിച്ചിരിക്കുന്നു. ഇനി നീ ഇത് ആവർത്തിച്ചാൽ നിനക്ക് ഈ ജന്മത്തിൽ വാഹനമോടിക്കാൻ തരുന്നതല്ല.

"ക്രൂട്ടുകാരെ നാം ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് നമ്മുടെ മാതാപിതാക്കളും, മുതിർന്നവരും പറയുന്നത് അനുസരിക്കണം. അവരെ അനുസരിക്കാതിരുന്നാൽ നാം പല പ്രശ്നങ്ങങ്ങളിലും പെട്ടുപോകും."



Muhammad Aslam MA
10A

# Hope



Hey, how are you?
Hope you're doing fine!
And that's a hope too!

One day you will be fine.
One day you will be free.
And one day,
Everything will be okay!

Hey don't worry!
You have the hope.
Once you choose the hope,
Anything's possible.

Your goals could be-
right around you!
Stay positively.

Close the doors that hurts you!
Open the windows that gives you peace!

Look up at the sky,
There are many stars smiling at you!
Never look back,
There are many people to pull you back!

Try to see the dream,
and make it real!
Try to accept the pain,
and trust the hope!

If you want to reach at the view point,
You can reach it!
And never want to,
Then you can't!

First of all you'd to hold the hope tightly,
Then set your mind to see your dream in real!

If you determined your goal,
And make an effort,
Of course you can catch your goal!

Please wait for your upcoming better days,
Patiently.,
It will surely reach to you!

And I'm also waiting and dreaming for ever
coming beautiful days!



Zakkiya Fathima
10A

# പാരിലെ പറുദീസ



ആയിരം പുഞ്ചിരി തങ്ങിടും ഈ ഭൂവിൽലോകഗോളത്തെ വിഴുങ്ങിടുമാർ

ഒച്ചത്തിൽവെടിയുണ്ടകൾ അതാ പലായനം ചെയ്യവേ...

എന്തിനീ ദുരിതം നീ അവരിൽ കൊടുത്തു...

നിന്നിലെ മനുഷ്യത്വം എങ്ങുപോയി മറഞ്ഞു

കുഞ്ഞുശരീരംഉടലെടുത്തീ വേളയിൽ

ഭീതിയാം ദുരിതം അവരിലേക്കെത്തി

ചിറക് മുളച്ച് പറക്കുമാ പക്ഷി

മധ്യാഹ്നവേളയിൽ നിലമ്പതിച്ചില്ലേ...

കുഞ്ഞുകിടാങ്ങൾ പ്രത്വിലേക്ക് നോക്കിടാവേ

കണ്ടു... പ്രകമ്പനം ഉളവാക്കും തൻ ജീവനകൾ

മഴത്തുള്ളികൾ ചുംബിക്കുമീ കുഞ്ഞു മുഖത്തു


ഈ രാവിൽ വന്നത് വെടിയുണ്ടകൾ മാത്രം..

അമ്മയെ തിരഞ്ഞു നടന്നിടും കുരുന്നിൻ മുന്നിൽ

വന്നതോ തൻ കാലനെന്നറിയാതെ...

മരണം തന്നെ മാടിവിളിക്കും നേരം

കണ്ടു ആ അധരത്തിൽ പാൽപുഞ്ചിരി തത്തിക്കളിക്കുന്നു....



Fathima Farha
10A

# സുഗതകുമാരി

മലയാളത്തിലെ പ്രശസ്ത കവിയത്രി സുഗതകുമാരി 1934 ജനുവരി 22ന് തിരുവിതാംകൂറിലെ ആറന്മുളയിൽ ജനിച്ചു.പിതാവ് പ്രശസ്ത കവിയും സ്വാതന്ത്രസമരസേനാനിയുമായ ബോധേശ്വരനും മാതാവ് തിരുവനന്തപുരം വിമൻസ് കോളേജിലെ സംസ്കൃതം പ്രൊഫസറുമായ കാർത്യായനി അമ്മയുമാണ്.

പ്രശസ്ത കവിയത്രി സുഗതകുമാരി സംസ്ഥാന വനിതാ കമ്മീഷൻ അധ്യക്ഷ,പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറിയുമാണ്.സാഹിത്യത്തിനും സാമൂഹിക സേവനത്തിനുമായി നിരവധി അംഗീകാരങ്ങൾ നേടി. 2006ൽ പത്മശ്രീയും 2009ൽ എഴുത്തച്ഛൻ പുരസ്കാരവും 2013ൽ സരസ്വതി സമ്മാനവും ലഭിച്ചു. കേരള സാഹിത്യ പുരസ്കാര അവാർഡ്, വയലാർ അവാർഡ്, വള്ളത്തോൾ അവാർഡ്, സ്ത്രീശക്തി പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരം ലഭിച്ചു. സ്ത്രീകൾക്കുവേണ്ടി അത്താണി എന്ന ഭവനം, മാനസിക രോഗികൾക്ക് പരിചരണാലയം എന്നിങ്ങനെ കേരളത്തിന്റെ സാമൂഹിക രംഗത്ത് സുഗതകുമാരി ധാരാളം സംഭാവനകൾ നൽകി. ആദ്യത്തെ കവിത 1961ൽ പുറത്തിറങ്ങിയ മുത്തുച്ചിപ്പിയാണ് പിന്നീട് പാതിരാപ്പൂ ക്കൾ,രാത്രിമഴ തുടങ്ങിയവ...കുട്ടികൾക്ക് സ്നേഹവും വാത്സല്യവും നൽകുന്ന അമ്മയാണ് സുഗതകുമാരി. മാനവ ഹൃദയം, അമ്പലമണി, കുഞ്ഞിപ്പൂക്കൾ, കൃഷ്ണ കവിതകൾ തുടങ്ങിയവ പ്രധാന കൃതികളാണ്.



മലയാളത്തിലെ പ്രിയപ്പെട്ട കവിയത്രിയായിരുന്ന സുഗതകുമാരി 2020 ഡിസംബർ 23ന് ഈ ലോകത്തോട് വിട പറഞ്ഞു.



Rifa Fathima
10A

# മഴയെ, നിന്നെയും കാത്ത്....



ഉമ്മറപ്പടിയിലെ ചാരുകസേരയിൽ
നിന്നെയും കാത്തു ഞാനിരുന്നു.
ഞാൻ കാതോർത്തു......
നിന്റെ നാദം കേൾക്കാനയി....

എത്ര നീ വേദന
തന്നുവെന്നാലും
പ്രണയിച്ചുപോയി....
ഞാൻ നിന്നെ

നിന്റെ കണ്ണുനീരിനെ
പ്രതീക്ഷിച്ചിരിക്കുന്ന
മണ്ണിനംജീവജാലങ്ങൾക്കുമൊപ്പം
ഞാനമിതാ...നിന്നെയും കാത്ത്



Aysha Hani
10A

# എലി....



ആറാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിയാണ് അപ്പു. ഇന്ന് അപ്പുവിന്റെ സ്കൂളിൽ നിന്ന് പഠനയാത്ര പോവുകയാണ്. അപ്പുവും പോകുന്നുണ്ട്.പുലർച്ചെ നാല് മണിക്ക് എഴുന്നേറ്റ് കുളിക്കുകയാണ് അപ്പു. കുളി കഴിഞ്ഞ് അപ്പു റൂമിലേക്ക് വന്നു.

അപ്പു: അമ്മെ..അമ്മേ...അമ്മേ......

അമ്മ: എന്താണ് ചെറ്ക്കാ കാറുന്നത്....

അപ്പു: എന്റെ പുതിയ ഷർട്ട് എവിടെയാ.....

അമ്മ: നിന്റെ എല്ലാ ഡ്രെസ്സും ആ അലമാറയിലാണ്. അതിലുണ്ടാകും

അപ്പു ഷർട്ട് എടുക്കാൻ അലമാറ തുറന്നു. പുതിയ ഷർട്ട് എടുത്തു. ഇടാൻ നോക്കിയപ്പോൾ ഷർട്ടിൽ രണ്ട് മൂന്ന് തുളകൾ. അപ്പു കരഞ്ഞുകൊണ്ട് അമ്മയെ വിളിച്ചു.

“അമ്മേ..... അമമേ.......”

അമ്മ ഓടി വന്നു.അമ്മ ചോദിച്ചു. “എന്താ മോനേ ഷർട്ട് കിട്ടിയില്ലേ..?“

അപ്പു കരഞ്ഞു കൊണ്ട് പറഞ്ഞു. “ഷർട്ട് കിട്ടി പക്ഷെ ഇതിൽ തുളകളാണല്ലോ..? എന്റെ പുതിയ ഷർട്ടാണിത്. ഇന്ന് ടൂർ പോകുമ്പോൾ ഇടാൻ ഞാനും അച്ഛനും ഇന്നലെ വാങ്ങിയതാണ്. ഇനി ഞാനെന്ത് ചെയ്യും അമ്മേ....“

അമ്മഷർട്ട് നോക്കി അപ്പുവിനോട് പറഞ്ഞു. “ഇത് എലി കീറി മുറിച്ചതാണ് നീ വിഷമിക്കേണ്ട അമ്മ വേറെ ഒരു ഷർട്ട് എടുത്തു തരാം നീ അതിട്ട് പോയിക്കോ..“

അമ്മ അലമാറയിൽ നിന്ന് ഒരു ഷർട്ട് വലിച്ച് എടുത്തു. ഷർട്ടിനൊപ്പം പുറത്തേക്ക്

ഒരു എലിയും ചാടി.
അത് കണ്ട അപ്പു ദേഷ്യത്തോടെ ഒരു വടി യെടുത്ത് എലിയുടെ പുറകെ ഓടി.

പ്ഠും..... ടക്... ടിക്... "അപ്പൂ ഒന്ന് നിർത്ത്.."
"ഇല്ല അമ്മേ ഇന്ന് ഞാൻ അതിനെ കൊല്ലും.."
ടിക്... ടക്... പ്ഠും..... "അയ്യോ അമ്മേ എനിക്ക് വയ്യ..."

അവശനായ അപ്പു ഒരിടത്ത് ഇരുന്നു. "എല്ലാ യിടത്തും അടി കൊണ്ടു എലിക്ക് മാത്രം അടി കൊണ്ടില്ല. അമ്മേ.."

അമ്മ അപ്പുവിനോട് പറഞ്ഞു "സമയം നാലര യായി നീ ഈ ഷർട്ട് ഇട്ട് വേഗം പോവാൻ നോക്ക് അഞ്ച് മണിക്ക് മുമ്പ് സ്കൂളിലെത്തണം."

വിശമത്തോടെ അപ്പു അമ്മ കൊടുത്ത ഷർട്ട് ഇട്ട് അച്ഛനോടൊപ്പം സ്കൂളിലേക്ക് പോയി.
അപ്പുവിന്റെ സന്തോഷം കളഞ്ഞ് ജനലിലൂടെ പുറത്ത് ചാടിയ എലി അടുത്ത വീട്ടിലേക്ക് യാത്രയായി.....



Muhammad Nafil E
10A

# പൊഴിഞ്ഞുപോയ *തളിരിലകൾ

ഇരുട്ടുമൂടിയിരുന്ന ഭൂമിയിലേക്ക് വെളിച്ചം പടരാൻ തുടങ്ങി. സൂര്യന്റെ രശ്മികൾ മുഴുവനായി ഭൂമിയിലെത്തിയില്ല. കുഞ്ഞുപ്രഭാതം തുടങ്ങിയിരിക്കുന്നു. പ്രഭാത വാർത്തകൾ കേൾക്കുന്ന തിരക്കിലാണ് സനിത. സമയമില്ലാത്ത സമയം കണ്ടെത്തി അവർ വാർത്തകൾ കേട്ടുപോന്നു. സ്വന്തമായി ഒരു വീട് വെച്ചതു മുതൽ അവർ എന്നും വാർത്തകളിൽ ആഴ്ന്നിറങ്ങാറുണ്ട്. അമ്മയുടെ എന്നും രാവിലെയുള്ള ഈ കാഴ്ച്ച നോക്കി മകൻ സന്തോഷിക്കാറുണ്ടായിരുന്നു. "വൈറസ് രോഗങ്ങൾ അതിരു കടക്കുന്നു. ഇന്നലെ മരണപ്പെട്ടത് 5 പേർ". ഈ വാർത്ത കാതിൽ മുഴങ്ങിയാണ് അന്നത്തെ പ്രഭാതത്തിനു തുടക്കം കുറിച്ചത്. രാവിലെ ഓഫീസിൽ പോകേണ്ട തിരക്കിലും അതിലേറെ തിരക്കിട്ട് അമ്മ വാർത്ത കേൾക്കുന്നതു കണ്ട് മനോജിന്റെ മുഖം കോപം കൊണ്ട് ജ്വലിച്ചു.



മനോജിന് മൂന്ന് വയസ്സ് ആ സമയത്താണ് പ്രിയപ്പെട്ട പിതാവ് അവനിൽ നിന്ന് വേർപിരിയുന്നത്. അത്ര ചെറുപ്പമായതു കൊണ്ട് തന്നെ പിതാവിനെ കുറിച്ചുള്ള ഓർമ്മകളും, സ്നേഹവും ഒന്നും അവന്റെ മനസ്സിൽ ഉണ്ടായിരുന്നില്ല. ഭർത്താവിന്റെ മരണ ശേഷം സനിത തന്റെ മകന് ഒരു അമ്മ മാത്രമായിരുന്നില്ല, അവന്റെ അച്ഛനും അമ്മയും സഹോദരിയും എല്ലാമായിരുന്നു. ഏക മകനെ ത്യാഗങ്ങൾ അറിയിക്കാതെ വളർത്താൻ അമ്മ ഒരുപാട് കഷ്ടപ്പെട്ടു. മകനെ സ്കൂളിൽ അയച്ച ഉടനെ ആ അമ്മ ജോലിക്ക് പോകും മകൻ തിരിച്ച് എത്തുംമുമ്പ് വീട് അണയാൻ സനിത ഏറെ ശ്രദ്ധിച്ചു. തിരക്കുപിടിച്ച ജീവിതയാത്രയിൽ തന്റെ മകന്റെ കൂടെ കളിക്കാനും തമാശകൾ പറയാനും സനിത സമയം കണ്ടെത്തി, കാരണം അവൻ "അമ്മ" യിലേക്ക് മാത്രമായി ചുരുങ്ങിയിരുന്നു.

ഒരു ദിവസം സ്കൂൾ കഴിഞ്ഞ് നിരാശനായി വരുന്ന തന്റെ മകനെയായിരുന്നു സനിത കണ്ടത്. അവൻ തന്റെ അമ്മയ്ക്ക് അരികിലേക്കു ചാരിനിന്നു എന്നിട്ട് അമ്മയോടായി ഒരു ചോദ്യം ചോദിച്ചു. ആ ചോദ്യം കേട്ട അമ്മയുടെ അവശമായ കണ ്ണിൽ നിന്നും കണ്ണുനീർ തുള്ളികൾ ഉറ്റിവീണു. ആ ചോദ്യം തന്റെ ഭർത്താവിനെ കുറിച്ചും അവന്റെ പ്രിയ അച്ഛനെ കുറിച്ചുമായിരുന്നു. ആ ചോദ്യം കേട്ട് നിരാശയോടെ അമ്മ അവനെ ഒന്നു തലോടി.

മനോജ് വളരുകയാണ് ബാല്യത്തിന്റെ ചക്രം യൗവനത്തിലേക്കും അതിൽ നിന്നും പുരുഷനിലേക്കും അവനിപ്പോൾ 26-

കാരനാണ്. സനിത അവനെ പഠിപ്പിച്ച ഒരു നല്ല നിലയിൽ എത്തിച്ചിരിക്കുന്നു. ഇന്നവർ വാടക വീടുകളിൽ അല്ല സ്വന്ത മായി ഒരു കുഞ്ഞു വീട് വാങ്ങാനും അമ്മയെ ആ വീട്ടിൽ താമസിപ്പിക്കാനും ഇന്നവനു കഴിഞ്ഞു. ജോലിയിൽ കയറി ഒരു മാസം ആവുന്നതേയുള്ളൂ. അവൻ തന്റെ ജീവിതം അമ്മയ്ക്ക് മാത്രമായി മാറ്റിവെച്ചു. ലോകമെമ്പാടും വൈറസ് രോഗങ്ങൾ പടരുകയാണ് ദിവസം കൂടും തോറും മരണ സംഖ്യയും അധികരിച്ച വന്നു തുടങ്ങി. അടുക്കളയിലെ ജോലി തിരക്കിലും സനിതയുടെ ഒരു കാത് ടി.വി യിൽ തന്നെയാണ്. മനോജ് ഇറങ്ങാൻ നേരം സനിത അവനോടായി പറഞ്ഞു " വൈറസ് രോഗങ്ങൾ അധികമാണ് ശ്രദ്ധിക്കണം" അമ്മയുടെ ഈ നിർദേശത്തിനു മുമ്പിൽ അവനൊന്നു തലയാട്ടി. മനോജ് പോയാലും അമ്മ കുറച്ചുനേരം വാർത്തകളിൽ മുഴുകാറുണ്ട്. നാട്ടിൽ ആവട്ടെ അതികഠിനമായ ചൂട് ആണ്. മരങ്ങൾ എല്ലാം വാടി കരിഞ്ഞു പോവാൻ തുടങ്ങിയിരിക്കുന്നു. അയൽവാസികൾ എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടുമായി അടക്കം പറയാൻ തുടങ്ങി. "മഴയുടെ ഒരു അംശവും കാണാൻ ഇല്ല", "ഇന്ന് സ്കൂളുകളെല്ലാം അവധിയാണ് , ഈ വെയില് കാരണം ". ടി.വി യിലും പത്രത്തിലും സാമൂഹിക മാധ്യമങ്ങളിലുമെല്ലാം ചർച്ചാ വിശയം വൈറസും വെയിലും തന്നെയാണ്.

7 മണിയായിട്ടും മനോജിനെ



കാണാത്ത വേവലാതിയിലാണ് സനിത. 5 മണി കഴിഞ്ഞാൽ ഉടനെ എത്തുന്നത് ആ ണല്ലോ , ഈ സമയത്ത് ഇവനിതെ വിടെയാ? ഇങ്ങനെ ഇങ്ങനെ ഒട്ടേറെ ചിന്തകൾ അവരുടെ മനസ്സിലൂടെ കടന്നു പോയി. പെട്ടന്നതാ വീടിന്റെ ഉമ്മറത്ത് ഒരു വാഹനം വന്നു നിർത്തുകയാണ് തന്റെ



മകനാ ണെന്നു കരുതി അടുക്കളയിൽ നിന്നും അമ്മ വേഗത്തിൽ വന്നു വാതിൽ തുറന്നു. അപ്പോൾ കണ്ടത് മനുഷ്യരെ പേടിപ്പെടുത്തുന്ന ആ വെളുത്ത വാഹനം ആയിരുന്നു. അമ്മ വെപ്രാളത്തിൽ അതിനടുത്തേക്ക് ചെന്നു.കൈകൾ വിറച്ചു ശരീരമാകെ തളർന്നു ഹൃദയം നിശ്ചലമാകുന്നതു പോലെ തോന്നി. ആ വാഹനത്തിൽ വെള്ളയിൽ പുതച്ചു കിടക്കുന്ന തന്റെ മകനെയായിരുന്നു അമ്മ കണ്ടത്. വൈറസ് ആ അമ്മയുടെ എക മകനെയും കൊണ്ടുപോയിരിക്കുന്നു. അമ്മയുടെ കണ്ണുനീർ തുള്ളികൾ ഉറ്റിവീഴുന്നതിനു മുൻപെയായി മഴതുള്ളികൾ ഉറ്റിവീണു. അമ്മയുടെ കണ്ണുനീർ മഴ മറച്ചു. മനുഷ്യന്റെ പ്രശ്നങ്ങൾ മനുഷ്യരുടേതു മാത്രമല്ല പ്രകൃതിയുടേത് കൂടിയാണ്, അതുപോലെ മനുഷ്യന്റെ സന്തോഷവും. അമ്മയുടെ സങ്കടത്തിൽ പങ്കുചേരുകയാണീ പ്രകൃതി.



Fathimathu Farhana
10A

# വസന്തം



വസന്തമിതാകൊഴിഞ്ഞിരിക്കുന്നു..
ജീവിതതാളുകളിൽ എല്ലാമായിരുന്നീ വസന്തം..
ഓർമകൾ അകലുമ്പോഴും നിന്നോർമകൾക്കൊന്ത് വസന്തം..
നീയായിരുന്നെനിക്കെന്റെ വസന്തം..
ജീവിതം പഠിപ്പിച്ചതും നീയാണത്രേ.!
പെട്ടെന്ന് പോയി മറഞ്ഞത് കൊണ്ടായിരുന്നോ
നിന്നോർമകൾക്കിന്നിത്ര ഭംഗി..
ഓർക്കാൻ ഒരുപാടുള്ള കാലമത്രയും നിന്നോർമകൾ ജീവിക്കട്ടെ..!
എന്നുമെന്നും ഞാൻ ഓർത്തിടും മരിക്കുന്ന കാലമത്രയും...!



Mubashira PP
10A

# മദ്യത്തിന്റെ പിടിയിൽ അമരുന്ന കേരളം



പ്രബുദ്ധ കേരളമെന്നാണ് കേരളത്തെ നമ്മൾ അഭിമാനത്തോടെ വിശേഷിപ്പിക്കാറുള്ളത്. വലുപ്പം അടിസ്ഥാനമാക്കിയാൽ കൊച്ചു സംസ്ഥാനമാണ് നമ്മുടേതെങ്കിലും നവോത്ഥാന നായകന്മാർ അടിത്തറയിട്ട സാമൂഹിക ഭൂമി കയിൽ നിന്ന് നമ്മൾ പടുത്തുയർത്തിയത് ഒട്ടും ചെറുതല്ലാത്ത നേട്ടങ്ങളാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കും ഒരുപക്ഷേ വികസ്വര രാജ്യങ്ങൾക്കുമൊക്കെ മാതൃകയാവുന്ന തര ത്തിലുള്ളതാണ് പൊതു വിദ്യാഭ്യാസ രംഗത്തും പൊതു ജനാരോഗ്യ രംഗത്തുമൊക്കെ നമ്മൾ കരഗതമാക്കിയ നേട്ടങ്ങൾ. മാനവ വികസന സൂചികയിൽ മുന്തിയ സ്ഥാനമാണ് കേരളത്തിനുള്ളത്. ഉത്ബുദ്ധമായ സാമൂഹിക, രാഷ്ട്രീയ ബോധമുള്ളവരാണ് മലയാളികൾ. സാമൂഹികവും ജാതീയവുമായ അസമത്വങ്ങൾക്കെതിരാണ് മലയാളിയുടെ പൊതുമനസ്സ്. എന്നാൽ നമ്മുടെ സാമൂഹിക സുസ്ഥിതിയെയും, പൊതുജനാരോഗ്യത്തെയും, ഉത്പാദനക്ഷമതയെയും സാമ്പത്തിക വളർച്ചയെയും ഒക്കെ ബാധിക്കുന്ന തരത്തിൽ വലിയ വെല്ലുവിളി ഉയർത്തുകയാണ് മലയാളിയുടെ മദ്യപാനശീലം.

## മദ്യവും മലയാളിയും

മദ്യത്തിന്റെ ഉപഭോഗം മനുഷ്യന്റെ ആരോഗ്യത്തെ ശിഥിലമാക്കുമെന്നത് നിസ്തർക്കമായ വസ്തുതയാണ്.മറ്റേതൊരു ജനസമൂഹത്തേക്കാളും ഈ തിരിച്ചറിവ് ഉള്ളവരാണ് നമ്മൾ. എന്നിരുന്നാലും ലക്ഷക്കണക്കിന് കെയ്സ് മദ്യമാണ് നമ്മൾ പ്രതിവർഷം കുടിച്ചുതീർക്കുന്നത്. ഇന്ത്യയിലെ ആളോഹരി മദ്യ ഉപഭോഗം 3.5 ലിറ്റർ ആണെന്നിരിക്കെ കേരളത്തിലിത് 8.7 ലിറ്ററാണ്. രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്. നമ്മുടെ മുഖ്യ ഭക്ഷ്യധാന്യമായ അരി വാങ്ങാൻ നമ്മൾ ചെലവിടുന്നതിന്റെ മൂന്നിരട്ടിയിലേറി തുക മദ്യം വാങ്ങാൻ മലയാളി വർഷംതോറും ചെലവിടുന്നുണ്ട്. ഇന്ത്യയിലെ ആകെ ജനസംഖ്യയുടെ മൂന്ന് ശതമാനത്തിൽ താഴെ വരുന്ന കേരളത്തിലാണ് ഇന്ത്യയിൽ ആകെ ഉത്പാദിപ്പിക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ 14% ഉപഭോഗം ചെയ്യുന്നത്. മദ്യപിക്കുന്ന പുരുഷന്മാരുടെ അനുപാതം പരിശോധിക്കുമ്പോൾ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് നമ്മൾ. പഞ്ചാബും മഹാരാഷ്ട്രയുമൊക്കെ നമുക്ക് പിന്നിലാണ്. സൂര്യന് കീഴിലുള്ള ഏതു കാര്യത്തിലും സുചിന്തിതമായ അഭിപ്രായവും സുവ്യക്തമായ നിലപാടുകളും പുലർത്തുന്ന മലയാളി മദ്യത്തോട് എന്തിനിങ്ങനെ വലിയ വിധേയത്വം കാട്ടുന്നു? ആഴത്തിൽ ചിന്തിക്കുകയും പഠനവിധേയമാക്കുകയും ചെയ്യേണ്ട കാര്യമാണിത്.

## മദ്യാസക്തിയിൽപെട്ടു പോയവർ

നൂറ്റാണ്ടുകളായി കേരളത്തിൽ മദ്യത്തിന്റെ ഉത്പാദനവും വിതരണവുമുണ്ടെന്ന് ചരിത്രം പറയുന്നു. എന്നാൽ ഇത്രകണ്ട് ജനസംഖ്യയിൽ നല്ലൊരു ശതമാനത്തെ മദ്യം പിടികൂടിയിട്ട് ഒരു ദശകം പോലുമായിട്ടില്ലെന്ന് കണക്കുകൾ പറയുന്നു. കഴിഞ്ഞ അ ഞ്ചെട്ടു വർഷങ്ങൾ കൊണ്ട് ദ്രുതഗതിയിലാണ് മദ്യോപഭോഗം വർദ്ധിച്ചത്. കേരളത്തിലെ പുരുഷന്മാരിൽ ഗണ്യമായ ശതമാനം മദ്യപാനികളാണ്. അതിൽത്തന്നെ നല്ലൊരുഭാഗം മദ്യാസക്തിയിൽപ്പെട്ടുപോയവരും മറ്റു പല ലഹരി വസ് തുക്കളുമെന്ന പോലെ മദ്യത്തിന്റെ ആവർത്തിച്ചുള്ള ഉപഭോഗം മസ്തി ഷ്കത്തിൽ രാസപരിണാമങ്ങൾ വരു ത്തുകയും തുടർന്ന് മദ്യപാനി മദ്യാസ

**Say No To Alcohol**

ക്തിയിലേക്ക് വഴുതി വീഴുകയും ചെയ്യുന്നു. ഞാൻ വിചാരിച്ചാൽ എന്ന് വേണമെങ്കിലും ഇത് നിർത്താൻ കഴിയും.ഇത് ഏതൊരു മദ്യപാനിയുടെയും സ്ഥിരം പല്ലവിയാണ്. അനുകൂലമായ സാഹചര്യങ്ങൾ വീണ്ടും വീണ്ടും മദ്യപിക്കാൻ അവസരമൊരുക്കുക വഴി മദ്യപന്മാർ മദ്യപാനം അവസാനിപ്പിക്കണമെന്ന് വിചാരിക്കാറില്ലെന്ന് മാത്രം. ഉറച്ച നിലപാടെടുക്കാൻ തക്ക കരുത്തുള്ള മനസ്സിന്റെ ഉടമയാണെ ്കിൽപ്പോലും നിരന്തരമായ മദ്യപാനംമൂലം ഒരാൾക്കുണ്ടാകുന്ന ആശ്രിതത്വം കാരണം മദ്യത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്ന് വിമോചിതനാകാൻ കഴിഞ്ഞെന്ന് വരില്ല. മദ്യാസക്തിയിലേക്ക് വഴുതിവീഴുന്ന ഒരാളുടെ ജീവിതത്തിലേക്ക് കെടുതികളുടെ പരമ്പരയാണ് വരാനിരിക്കുന്നത്.





Muhammad Safvan KS
10A

# ദരിദ്രന്റെ വിശപ്പ്

ഒരു ഗ്രാമത്തിൽ ഒരു കൊച്ചു കുടുംബം ഉണ്ടായിരുന്നു.അച്ഛൻ അമ്മ ഒരു ചേച്ചിയും അനിയനും അവർ ദാരിദ്രത്തിലൂടെ ജീവിക്കുന്നവരായിരുന്നു. ആ വീട്ടിൽ അച്ഛന്റെ ജോലിയിൽ നിന്ന് കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് അവർ ജീവിച്ചു പോകുന്നത്. അവരുടെ പഠനത്തിന് തികയില്ലായിരുന്നു അച്ഛന് കിട്ടുന്ന വരുമാനം. അതുകൊണ്ട് അവർ അവരുടെ പഠനം ഉപേക്ഷിച്ചു. ആ അച്ഛന്റെ കൂലിപ്പണി കൊണ്ടാണ് അവർ ജീവിച്ചു



പോകുന്നത്. ദാരിദ്രത്തി ലൂടെയായിരുന്നു ആ കുടുംബം ഓരോ ദിവസവും കഴിഞ്ഞത്.എന്നാൽ ആ അച്ഛൻ തന്റെ മക്കളെ പട്ടിണി എന്താണെന്ന് അറിയിച്ചിരുന്നില്ല. എന്നാൽ ആ അച്ഛനും അമ്മയും ദിവസങ്ങളോളം ഭക്ഷണം കഴിക്കാതെ തള്ളി നീക്കി.അങ്ങനെ കുറച്ചു നാളുകൾക്ക് ശേഷം കുട്ടികൾ വലുതായി. ഒരു ദിവസം അച്ഛൻ ജോലി കഴിഞ്ഞു വീട്ടിലേക്ക് വരികയായിരുന്നു. പെട്ടെന്ന് ഒരു ആക്സിഡന്റ് സംഭവിച്ചു. ആ അപകടത്തിൽ അച്ഛൻ കിടപ്പിലായി. പിന്നീട് അവരുടെ കുടുംബം ദാരിദ്രത്തിൽ ആണ്ടുപോയി. പിന്നീട് ആ കുട്ടികൾ വിശപ്പ് എന്താണെന്ന് അറിഞ്ഞു തുടങ്ങി. പിന്നീട് ആ അമ്മ ആ ഗ്രാമത്തിലെ ഏറ്റവും വലിയ ധനികന്റെ വീട്ടിൽ ജോലിക്ക് പോകാൻ തുടങ്ങി. അങ്ങനെ കുറച്ചു നാളുകൾ കടന്നു

പോയി.അവരുടെ അച്ഛൻ മരണപ്പെട്ടു. അത് ആ കുടുംബത്തിലെ സങ്കടകരമായ നിമിഷങ്ങൾ ആയി രുന്നു.പിന്നീട് കുറച്ചു വർഷം കഴിഞ്ഞു പോയി. മക്കൾ വളർന്നു കല്യാണപ്രായമായി. ആ അമ്മ ജോലി ചെയ്ത വീട്ടിലെ മൂത്ത മകന് അവളെ ഇഷ്ട്ടപ്പെട്ടു. കുറച്ചു നാളുകൾക്ക് ശേഷം അവരുടെ വിവാഹം കഴിഞ്ഞു. അവൾ ഭർത്താവിന്റെ വീട്ടിലേക്ക് പോയി. പിന്നീട് അവരുടെ വീട്ടിൽ അമ്മയും മകനും തനിച്ചായി.പിന്നീട് അവനൊരു കൊച്ചു വീട് വെച്ചു. കുറച്ചു നാളുകൾക്ക് ശേഷം മകന്റെ വിവാഹവും കഴിഞ്ഞു. പിന്നീട് അവർ സന്തോഷത്തിൽ ജീവിച്ചു. കുറച്ചു വർഷങ്ങൾക്കു ശേഷം അമ്മക്ക് ഒരു വലിയ അസുഖം വന്നു.കുറച്ചു നാളുകൾക്ക് ശേഷം അമ്മയും മരണപ്പെട്ടു. അമ്മയുടെ മരണം അവർക്ക് താങ്ങാവുന്നതിനും അപ്പുറമായിരുന്നു. പിന്നീട് ആ മകൻ സ്വന്തമായി അധ്വാനിച്ച് വലിയ ധനികനായി പാവപ്പെട്ട വരെയൊക്കെ സഹായിച്ചു. പാവപ്പെട്ടവർക്ക് ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയെല്ലാം ആ മകൻ സംഭാവന ചെയ്തു. അങ്ങനെ അവർ വീണ്ടും സന്തോഷത്തിൽ ജീവിച്ചു പോയി.



Hanana Jasmin
10A

# നീരുറവ



നീരുറവ വറ്റിയ അരുവി തൻ തീരത്ത്-
കണ്ണുനീർ വാർക്കുകയാണു നമ്മൾ.

മനുഷ്യനും മണ്ണിനും
ജീവനുള്ളോർക്കെല്ലാം നിലനിൽപ്പു
നല്കിയ നീരുറവ: ആർത്തി
മൂത്തുള്ളോരു നമ്മൾ തന്നെ-
ആട്ടിയോടിച്ചതാണോർമ്മ വേണം.

കൈതവരമ്പും ഇല്ലിമുളം കാടും
യന്ത്രങ്ങൾ കൊണ്ടു പിഴുതുമാറ്റി -

മണ്ണിനെയാകെ തരവും മാറ്റി
ലാഭ കൊതിയും അഹന്തയുമൊന്നിച്ച് -
കുടിവെള്ളം പോലും മറന്നു മർത്യർ.

പുത്തൻ തലമുറ കാട്ടുന്ന ചേഷ്ടകൾ
കണ്ടു കരഞ്ഞു - പഴമുറക്കാർ
അവരെ പരിഹസിച്ചവരൊക്കെയിന്നിതാ -
കുടിനീരിനായ് കരഞ്ഞിടുന്നു.

പഴമയെ തള്ളാതെ - പുതുമയെ
ചിന്തിക്കാൻ പ്രാപ്തരാകേണമീ
നമ്മളെല്ലാം.

പാറ തുരന്നു കുടിവെള്ളമൂറ്റിയോർ
അരുവിയും പുഴകളും ഓർത്തതില്ല;
പ്രകൃതിയെ കൊന്നിട്ടാർത്തട്ടഹസിച്ചവർ -
പ്രകൃതിയ്ക്കു വേണ്ടി കരഞ്ഞിടുന്നു.

നീരുറവ ചാലുകൾ മണ്ണിട്ടു മൂടി -
മണിമന്ദിരങ്ങൾ പണി കഴിച്ചോർ
ദാഹമകറ്റുവാൻ കുടിവെള്ള വണ്ടിയ്ക്കു
കാതോർത്തു കാവൽ നില്ക്കയല്ലോ?കഷ്ടം!

പണ്ട് മരങ്ങൾ ശരശയ്യയിലായപ്പോൾ
കരയാൻ മഴ എത്തുമായിരുന്നു
ഇന്ന് മഴ മരിക്കാറായപ്പോൾ
കരയാൻ ആരുമില്ല -
പകരം ജീവനുള്ളതെല്ലാം
മനസ്സില്ലാതെ മരിക്കാനൊരുങ്ങുന്നു!

വറ്റാത്ത നീരുറവ -മനുഷ്യന്റെ
മനസ്സിൽ പുഴയായ
ഒഴുകട്ടെ ഇനിയുള്ള നാൾ
കുടിനീരു സ്വപ്നമതാകാതിരിക്കട്ടെ
തെളിനീരിനായ് കരുതി നിൽക്കാം.



Shivanya KS
10A

# ആദ്യ തീവണ്ടിയാത്ര



യാത്ര എന്നും മനസ്സിനെ കുളിരണിയിപ്പിക്കുന്ന ഒരു വികാരമാണ്. അത് സഹപാഠികളോടും ഗുരുക്കന്മാരോടും കൂടിയാകുമ്പോൾ അതിന്റെ മനോഹാരിത ഒന്നുകൂടി ഇരട്ടിക്കുന്നു. ഒട്ടും പ്രതീക്ഷിക്കാതെയാണ് ഈയൊരു സൗഭാഗ്യം ജീവിതത്തിലേക്ക് കടന്നുവന്നത്.

നൂറ്റാണ്ടിന്റെ പ്രൗഢിയോടെ കുപ്പാടിത്തറയുടെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന ഹൈടെക് വിദ്യാലയമാണല്ലോ നമ്മുടെ ജി. എച്ച്. എസ് കുറുമ്പാല. അവിടെ പഠിക്കാൻ പറ്റിയതിൽ വളരെയധികം സന്തോഷവും അഭിമാനവും തോന്നുന്നു. ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയായി കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനുള്ള വയനാട് ജില്ലയിലെ മൂന്നാം സ്ഥാനത്തിനുള്ള 2023 ലെ അവാർഡ് നമ്മുടെ വിദ്യാലയത്തിന് ലഭിച്ചു. 2024 ജൂലൈ 6ന് തിരുവനന്തപുരം നിയമസഭയിലെ ശങ്കരനാരായണൻ ഹാളിൽ വെച്ചായിരുന്നു അവാർഡ് വിതരണം. 4 വിദ്യാർഥികളും(മുഹമ്മദ് നാഫിൽ ഇ,മുഹമ്മദ് അസ്ലം,ഫാത്തിമ ഫർഹ,മുബഷിറ പി പി) 2 ലിറ്റിൽ കൈറ്റ്സ് അധ്യാപകരും (ഹാരിസ് സർ,അനില ടീച്ചർ) ഹെഡ്മാസ്റ്ററും (അബ്ദുൾ റഷീദ് സർ) ചേർന്നായിരുന്നു അവാർഡ് സ്വീകരിച്ചത്. ആ 4 കുട്ടികളിൽ താനും അതിന്റെ ഭാഗമായെന്നുള്ളത് ഒഴിച്ചുകൂടാൻ പറ്റാത്ത സന്തോഷമായിരുന്നു.

വെള്ളിയാഴ്ച ഉച്ചയോടെയാണ് ഞങ്ങൾ യാത്ര ആരംഭിച്ചത്. വയനാട്ടിൽ ആയതുകൊണ്ടുതന്നെ ട്രെയിൻ സൗകര്യം എന്ന ഭാഗ്യം ഞങ്ങൾക്കില്ല. അതുകൊണ്ട് തന്നെ യാത്രയുടെ ഘട്ടമായി ആദ്യം എത്തിയത് കോഴിക്കോട് ആണ്. എന്തോ ഒരു പ്രത്യേക ഇഷ്ടം എന്നും എനിക്ക് കോഴിക്കോടിനുണ്ട്. അവിടെയുള്ള ഓരോ സമയവും വളരെ ആസ്വാദ്യകരമായിരുന്നു. വിശ്രമവേള ആനന്ദകരമാക്കാൻ മാനാഞ്ചിറയിലേക്ക് തിരിച്ചു. സ്കൂളിനെ പറ്റിയുള്ള

വാർത്തമാനങ്ങളും അധ്യാപകരുടെ തമാശ കളും നിറഞ്ഞു കുറച്ച സമയം അവിടെ ചില വിട്ടു. പിന്നെ കോഴിക്കോടിന്റെ അഹങ്കാര മായ മിഠായി തെരുവിലേക്കായിരുന്നു പോയ ത്. അവിടെയുള്ള കാഴ്ചകളും മറ്റും ആസ്വദിച്ച ഭക്ഷ ണവും കഴിച്ച് റെയിൽവേ സ്റ്റേഷനി ലേക്ക് തിരിച്ചു. ജീവിതത്തിൽ ആദ്യമായാണ് ട്രെയി നിൽ കയറുന്നത്. അതിന്റെ എല്ലാതരം കൗതുകവും ആ യാത്രയിലുടനീളം ഉണ്ടായി രുന്നു. 11:00 മണിയോടെ ട്രെയിൻ സ്റ്റേഷനിൽ എത്തി. അവിടുന്ന് തിരുവനന്തപുരത്തേക്കുള്ള യാത്രയായിരുന്നു.

കാണികൾക്കു തികച്ചും ആസ്വദിക്കാൻ പറ്റിയൊരിടമാണ് തിരുവനന്തപുരം. സ്റ്റേഡി യങ്ങൾ, പാർക്കുകൾ, മ്യൂസിയങ്ങൾ, മൃഗശാല എന്നിങ്ങനെ ഒട്ടനവധി വൈവിധ്യമാർന്ന സ്ഥലങ്ങളാൽ സംഭുഷ്ടമാണ് ഈ നഗരം. അതിൽ മാറ്റിനിർത്താൻ പറ്റാത്ത ഒന്നാണ് നിയമസഭ മന്ദിരം. പത്രവാർത്തകളിലൂടെയും മറ്റും മാത്രം കേട്ടറിവുള്ള സ്ഥലവും ആളുകളെ യുമാണ് അവിടുന്ന് നേരിട്ട് കാണുന്നത്. അവിടം പ്രവേശിച്ചത് മുതൽ ഒരുതരം കൗതി കത്തോടെയാണ് എല്ലാം വീക്ഷിച്ചത്. കേര ളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ സാറിനെ നേരിൽ കാണാനുള്ള ഭാഗ്യം ലഭിച്ചു.അദ്ദേഹത്തിന്റെ ഊർജസ്വലമായ പ്രസംഗം മുന്നോട്ടുള്ള ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് ശക്തി പകരാനും കൂടുതൽ അറിവുകൾ നേടാനും പ്രാപ്തമാക്കി. കണ്ടു കൊതിതീരാത്ത ഒരു കാഴ്ച ആയിരുന്നു അത്. വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ ശിവൻകുട്ടി സാറിന്റെ നേതൃ ത്വത്തിൽ തങ്ങൾക് അർഹതപ്പെട്ട അവാർഡ് കൈപ്പറ്റുമ്പോൾ പറഞ്ഞറിയിക്കാൻ കഴിയാ ത്ത സന്തോഷമായിരുന്നു. ഈ നിറഞ്ഞ സന്തോഷം മറ്റുള്ളവരിലും ഉണ്ടായിരുന്നു. അവാർഡ് വിതരണത്തിന് ശേഷം മുഖ്യപങ്ക് വഹിച്ച നിരവധിപേരുടെ പ്രസംഗം ഉണ്ടാ യിരുന്നു. എല്ലാം നിറഞ്ഞ മനസ്സോടെയാണ് കേട്ടിരുന്നത്. അവിടം വിട്ട് പോരുമ്പോൾ ഇതുപോലെ മുന്നോട്ടും ജി. എച്ച്. എസ് കുറുമ് പാലയുടെ പേര് എല്ലായിടത്തും മുഴങ്ങിക്കേൾ ക്കണമെന്നായിരുന്നു ഉള്ളിൽ. അതിനു വേണ്ടിയുള്ള പോരാട്ടങ്ങളായിരിക്കും ഇനിയ ങ്ങോട്ടുള്ള ദിവസങ്ങൾ.





ഫാത്തിമ ഫർഹ.ഇ
XA

# നിഷ്കളങ്കനായ മാൻ



ഒരു വനത്തിനുള്ളിൽ എല്ലാവരും സുഖമായി ജീവിച്ചിരുന്നു. എല്ലാ ജീവ ജാലങ്ങളും ജീവിച്ചിരുന്ന കാടിനടുത്ത് ഒരുപാട് വെള്ളമുള്ള ഒരു കുളം ഉണ്ടായിരുന്നു . ആ കുളത്തിൽ അരയന്നവും, തവളയും, മീനുകളും, മറ്റു ജീവജാലങ്ങളും ഉണ്ടായിരുന്നു. അവരുടെ കൂടെ തന്നെ മണ്ടു എന്ന മുതലയും ഉണ്ടായിരുന്നു. അവൻ മഹാ അഹങ്കാരിയായിരുന്നു. വെള്ളത്തിൻറെ രാജാവ് അവനാണെന്നാണ് അവൻ പറയുന്നത്. ഒരു ദിവസം ഒരു കുരുവി മരത്തിൽ നിന്ന് പഴം കഴിക്കുകയായിരുന്നു. അപ്പോൾ ആ പഴം വെള്ളത്തിലേക്ക് വീണു. ഇത് കണ്ടപ്പോൾ മണ്ടു മുതലക്ക് ഭയങ്കര ദേഷ്യം തോന്നി. അവൻ കുരുവിയെ നോക്കി ദേഷ്യപ്പെടാൻ തുടങ്ങി. പാവം കുരുവി പറന്നുപോയി. കുരുവി പോയതിനുശേഷം വണ്ടു കരടി വെള്ളം കുടിക്കാൻ വന്നു. അവനെ കണ്ടു മണ്ടു പറഞ്ഞു: നീ നിൻറെ വായ കൊണ്ട് എന്റെ കുളം നശിപ്പിക്കുകയാണ്. വണ്ടു കരടി പറഞ്ഞു: ഇത് നിൻറെ കുളം മാത്രമല്ല ഇത് വനത്തിലെ കുളമാണ്. മണ്ടൂ മുതല പറഞ്ഞു: നിങ്ങളെല്ലാവരും ഈ കുളത്തിൽ നിന്ന് വെള്ളം കുടിച്ചിട്ട് ഈ കുളത്തിന്റെ മഹത്വം ഇല്ലാതെയാക്കുന്നു. ഇനി ഇതിൽനിന്ന് വെള്ളം കുടിക്കണമെങ്കിൽ തക്കതായ പ്രതിഫലം തന്നാൽ മാത്രമേ വെള്ളം കുടിക്കാൻ അനുവദിക്കുകയുള്ളൂ. അങ്ങനെ എല്ലാ ജീവജാലങ്ങളും വെള്ളം കുടിക്കുന്നതിന് മുമ്പ് പ്രതിഫലം കൊടുക്കുമായിരുന്നു. പ്രതിഫലം നൽകുന്ന ജീവികൾക്ക് മാത്രം വെള്ളം കുടിക്കാനുള്ള അനുവാദം ഉണ്ടായിരുന്നുള്ളൂ. അങ്ങനെ മണ്ടൂ രാജാവിനെപ്പോലെ വിശ്രമിക്കാൻ തുടങ്ങി. ദിവസങ്ങൾ കടന്നു പോയി. ഒരു ദിവസം ചിണ്ടുമാൻ ഒരുപാട് ദാഹിച്ചു അവൻ അമ്മയോട് പറഞ്ഞു: അമ്മേ എനിക്ക് വല്ലാതെ ദാഹിക്കുന്നു. നമ്മുടെ കൈയിൽ മണ്ടുവിനു കൊടുക്കാൻ ഒന്നുമില്ല. എന്നാൽ ചിണ്ടുവിനു ദാഹം അകറ്റാൻ കഴിയാതെ വന്നപ്പോൾ അമ്മ പറഞ്ഞു: ഇരുട്ടാകുമ്പോൾ നമുക്ക് പോകാം. ഇരുട്ടായപ്പോൾ രണ്ടുപേരും

കുളത്തിന്റെ അടുത്തേക്ക് പോയി. ചിണ്ടു ശബ്ദം ഉണ്ടാക്കാതെ വെള്ളം കുടിക്കാൻ തുടങ്ങി. പെട്ടെന്ന് വെള്ളത്തിന് അനക്കം ഉണ്ടായപ്പോൾ മണ്ടൂ കണ്ണ് തുറന്നു. ചിണ്ടുവിനെ അവിടെ കണ്ടപ്പോൾ മണ്ടു വിനെ ദേഷ്യം വന്നു. ദേഷ്യം കാരണം മണ്ടു ചിണ്ടുവിന്റെ നേരെ ചാടി. മണ്ടു ചിണ്ടുവിന് നേരെ ചാടുന്നത് കണ്ട് അമ്മ മാൻ ഇടയിൽ ചാടി അവൻറെ മുനയുള്ള കൂർത്ത പല്ല് അമ്മമാ നിൻറെ കാലിൽ കൊണ്ടിരുന്നു. ഇത് കണ്ട ചിണ്ടു ഉറക്കെ ഉറക്കെ കരയാൻ തുടങ്ങി. അപ്പോൾ വനത്തിൽ ഉണ്ടായിരുന്ന ജീവികൾ എല്ലാ വരും അവിടെ വന്നു. അമ്മമാൻ അവിടെ വെച്ച് മരിച്ചു. അമ്മ മാൻ മരിക്കു ന്നതിനുമുമ്പ് ഒരു കാര്യം പറഞ്ഞു: ചിണ്ടു മോനെ ഞാൻ നിൻറെ ഒപ്പം എന്നും കാണും നിന്നെ ഒരിക്കലും തനിച്ചാക്കില്ല. അങ്ങനെ ചിണ്ടുവിനെ അനുഗ്രഹിച്ചതിനു ശേഷം അമ്മമാൻ മരിച്ചു. അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു. അവിടെ ഒരു മഹാ ഭൂഗമ്പം ഉണ്ടായി. അത് കാരണം കല്ലുകൾക്ക് അനക്കം ഉണ്ടായി. അതുകാരണം വനത്തിൽ ഉണ്ടായിരുന്ന മരങ്ങളും ചെടികളും നശിച്ചു. ഭൂകമ്പം വന്നപ്പോൾ മൃഗങ്ങൾ എല്ലാവരും ഒന്നിച്ചു സഹായിച്ചു. ചിണ്ടു പറഞ്ഞു: എനിക്ക് ആനയെ പോലെ മരങ്ങൾ നീക്കാൻ കഴിയുമായിരുന്നുവെങ്കിൽ. അപ്പോൾ എല്ലാം നീങ്ങി മാറി. അവന് മനസ്സിലായി ഇത് അവൻറെ അമ്മയുടെ അനുഗ്രഹ മാണെന്ന്. അവൻ അവന്റെ മായാശക്തി കൊണ്ട് മൃഗങ്ങളെ രക്ഷിച്ചു. പെട്ടെന്ന് കുളത്തിൽ നിന്ന് ആരോ കരയുന്നത് കേട്ട് മൃഗങ്ങൾ എല്ലാവരും കുളത്തിന്റെ അടുത്തേക്ക് പോയി. അപ്പോൾ മണ്ടു വിൻറെ ദേഹത്ത് വലിയ പാറ വീണി രുന്നു. അവൻ ഇങ്ങനെ പറഞ്ഞു: ആരെങ്കിലും രക്ഷിക്കണേ. അവനെ രക്ഷിക്കാൻ ആരും വന്നില്ല. അവൻ ഒരു ദുഷ്ടൻ ആയതുകൊണ്ട്. അങ്ങനെ ചിണ്ടു അവൻറെ മായ ശക്തി കൊണ്ട് ആ പാറ മാറ്റി. മണ്ടു പറഞ്ഞു: ഞാൻ കാരണമാണ് നിൻറെ അമ്മ മരിച്ചത്. എന്നോട് ക്ഷമിക്കണം. ഇനി എല്ലാ വർക്കും ഈ കുളത്തിൽ നിന്ന് വെള്ളം കുടിക്കാം. മണ്ടുവിനെ താൻ ചെയ്ത തെറ്റ് മനസ്സിലായി.



**Fidha Fathima PM**
**10A**

# കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ....

നാടിന്റെ സമ്പത്താണ് കുട്ടികൾ. ഇക്കാലത്ത് കുട്ടികൾ ക്കെതിരെയുള്ള അതിക്രമങ്ങൾ ലോകത്തിന്റെ പലഭാഗ ങ്ങളിലായി വർധിച്ചുകൊണ്ടിരിക്കുന്നു. പലതരത്തി ലുള്ള ജോലികൾ പ്രായം തികയാത്ത കുട്ടികളുടെ മേൽ അടി ച്ചമർത്തുകയാണ്. അവർക്ക് ആവശ്യമായ ഭക്ഷണം, വിദ്യാ ഭ്യാസം, പരിഗണന, സ്നേഹം, തുടങ്ങിയവ ലഭിക്കേണ്ടത് കുട്ടികളുടെ അവകാശവും സമൂഹത്തിന്റെ ഉത്തരവാദിത്വ ബോധമാണ്.

ഇത്തരത്തിലുള്ള അതിക്രമത്തിൽ പെട്ടതാണ് ശൈശവ വിവാഹം. ആദ്യകാലങ്ങളിൽ ശൈശവ വിവാഹം അധിക മായിരുന്നു. പ്രായം തികയാതെ വിവാഹം കഴിക്കുന്നത് കൊ ണ്ട് വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെടുന്നു. പക്വത വരുന്നതിനു മുൻപ് പുതിയ ജീവിതത്തിന് തുടക്കം



**Give Freedom to Children**

കുറിക്കുകയാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കാരണം കുട്ടികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കുന്നു. ഇന്ത്യയിൽ ശൈശവ വിവാഹം ഈ കാലഘട്ടത്തിൽ കുറഞ്ഞു കൊണ്ടിരിക്കുന്നു എന്നത് സന്തോഷകരമാണ്.

കുട്ടികൾകൾക്കുണ്ടാകുന്ന മാനസിക ശാരീരിക പീഡനങ്ങൾ ഇല്ലാതാക്കാൻ പൊതുസമൂഹം കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## Stop Violence Against Children

**കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനായി എന്തൊക്കെ ചെയ്യാം.....?**

*** അവർക്ക് വേണ്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പ് വരുത്തുക.**
*** ബാലവേല തടയുക**
*** ശൈശവ വിവാഹം തടയുക**
*** കുട്ടികൾളെ വ്യക്തികളായി കാണുക**



Anjana Babu
10A

# നാളേക്ക് ചിറക് മുളച്ചവർ



കാലിൽ എന്തോ ഒരു ഭാരം തോന്നിയിട്ടാണ് ഞാൻ കണ്ണു തുറന്നത്. എന്താണത് ഇരുട്ടായത് കൊണ്ട് ഞാൻ ഒന്നും കാണുന്നില്ല ശരീരത്തിന്റെ അസഹീനമായ വേദന കാരണം എനിക്ക് എഴുന്നേൽക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. വളരെ ആയാസപ്പെട്ട് മെല്ലെ ഞാൻ കുറച്ചങ്ങോട്ട് മാറി കിടന്നു മങ്ങിയ നിലാവിൻറെ ശോഭയിൽ ഞാൻ കണ്ടു കാലിൻറെ ചൂടിൽ പറ്റിച്ചേർന്ന് ഉറങ്ങുന്ന ഒരു പൂച്ചക്കുട്ടിയെ പെട്ടെന്ന് പേടിച്ചെങ്കിലും അതിനെ എഴുന്നേൽപ്പിക്കാൻ എനിക്ക് തോന്നിയില്ല. കാരണം കുറച്ചു നേരമെങ്കിലും ആരെയും ഭയക്കാതെ അതു ഉറങ്ങിക്കോട്ടെ; ഞാൻ ഒന്നു നിശ്വസിച്ചു കൊണ്ട് ഭിത്തിയിൽ തലചായ്ച്ചു കിടന്നു .ഞാൻ മാനത്തേക്ക് നോക്കി മങ്ങിയ ശോഭയിൽ ഉള്ള നിലാവിൻറെ ഭാവം എന്താണ്? ദയനീയമാണോ ? അറിയില്ല പക്ഷേ നിലാവിന്റെ ചുറ്റുമുള്ള നക്ഷത്രങ്ങളിൽ നിന്ന് വേറിട്ട നാല്നക്ഷത്രങ്ങൾക്ക് നന്നേ തിളക്കം ഉണ്ടായിരുന്നതായി എനിക്ക് തോന്നി. ഭൂതകാലത്തിൽ ഒരു പെൺകുട്ടി പറയുകയുണ്ടായി "നിനക്കറിയാമോ മോളെ ഈ നക്ഷത്രങ്ങൾ ആരാണെന്ന് ?നമ്മുടെ കൂട്ടത്തിൽ നിന്നും മരിച്ചവരെയാണ് നമ്മൾ നക്ഷത്രങ്ങളായി കാണുന്നത്. അവർ മറ്റൊരു ലോകത്തുനിന്ന് നമ്മളെ കാണുന്നുണ്ട്" തൊട്ടടുത്തിരിക്കുന്ന പെൺകുട്ടി വളരെ ആശ്ചര്യത്തോടുകൂടി ആ നക്ഷത്രങ്ങളെ നോക്കി അന്ന് ആശ്ചര്യം ആയിരുന്നെങ്കിൽ ഇന്ന് ഞാൻ വളരെ നൊമ്പരത്തോടുകൂടി

ആ നക്ഷത്രങ്ങളെ നോക്കി.

"ഉമ്മീ ...,ബാബ ,.. ദീദി.. നിങ്ങളെല്ലാവരും എന്നെ എന്തിനാണ് തനിച്ചാക്കി പോയത് എന്നെയും കൂട്ടായിരുന്നില്ലേ.. ഉമ്മിക്കറിയുമോ എൻറെ ശരീരം മുഴുവൻ വേദനയാണ് നിറയെ മുറിവുകൾ ആണ് എന്റെ ചെറിയ മുറിവ് പോലും കെട്ടിത്തരുന്ന ഉമ്മി എന്തേ എന്റെ മുറിവ് കെട്ടിത്തരാൻ വരാത്തത് "



ആവലാതികൾ പറഞ്ഞു ഞാൻ വിതുമ്പി കൊണ്ടിരുന്നു പെട്ടെന്നാണ് എന്റെ ശ്രദ്ധ കാലിലേക്ക് ഉടക്കിയത്. ആ പൂച്ചക്കുഞ്ഞ് എഴുന്നേറ്റിരുന്നു. അതിൻറെ തിളങ്ങുന്ന പൂച്ചക്കണ്ണ് വിടർത്തി അത് എന്നെ തന്നെ ഉറ്റു നോക്കുന്നു. ഞാൻ അതിനെ നോക്കി പുഞ്ചിരിച്ചുകൊണ്ട് അതിനെ എടുത്തെന്റെ മടിയിൽ വച്ചു അതിന്റെ തലയിൽ തലോടി. ആദ്യം കണ്ട അപരിചിത ഭാവം അതിൻറെ കണ്ണുകളിൽ നിന്ന് മാറിയിരുന്നു. ഞാനതിന്റെ തലയിൽ തലോടിക്കൊണ്ട് ചോദിച്ചു "നീ എവിടെ നിന്ന് വരുന്നു എന്നെപ്പോലെ തനിച്ചായതാണോ? എൻറെ കൂടെയുള്ളവരൊക്കെ എന്നെ കൂട്ടാതെ പോയി. നിനക്കറിയുമോ എന്ത് രസമായിരുന്നു ഞങ്ങളുടെ വീട് എന്ന് ഞാനും ഉമ്മിയും ബാബയും ദീദിയും ഉള്ള ഒരു കൊച്ചു സ്വർഗ്ഗം ദീദി എൻറെ ഏറ്റവും നല്ല കൂട്ടുകാരിയായിരുന്നു.

ഒരുപാട് കഥ പറഞ്ഞു തരും; എന്നെ ഉറക്കി തരും. എൻറെ ഉമ്മയുടെ വയറ്റിൽ ഒരു കുഞ്ഞ് ഉണ്ടായിരുന്നു ഞങ്ങളെല്ലാവരും ആ കുഞ്ഞിന് വേണ്ടി കാത്തിരിക്കുകയായിരുന്നു പെട്ടെന്ന് ഒരു ദിവസം ഞങ്ങളുടെ ജീവിതം ആകെ മാറി മറിഞ്ഞു എന്തൊക്കെയോ സംഭവിച്ചു. ആരൊക്കെയോ മരിക്കുന്നു;ബോംബിടുന്നു വെടിവെക്കുന്നു ഞങ്ങൾ വീടുകളിൽ ഒതുങ്ങി ഭക്ഷണം ഇല്ലാതായി വൈദ്യുതി വിച്ഛേദിച്ചു. എല്ലാവരും എന്ത് ചെയ്യണമെന്നറിയാതെ പകച്ചു പോയി ! ഒരു ദിവസം;

ബാബ വെപ്രാളപ്പെട്ട് മുറിയിലേക്ക് കടന്നു വന്നു പെട്ടെന്ന് വീടിന്റെ പുറത്തേക്ക് പോകാൻ ഞങ്ങളോട് ആവശ്യപ്പെട്ടു. ദീദി എന്നെയും കൂട്ടി വീടിന്റെ പുറത്തേക്ക് പോയി. മുറിയിൽ നിന്ന് ഉമ്മയുടെ നേർത്ത കരച്ചിൽ കേൾക്കാം പെട്ടെന്നാണ് ആകാശത്തുകൂടെ എന്തോ പറന്നുയർന്നു വരുന്നത് ഞാൻ കണ്ടത് ഞാൻ ദീദിയോട് നോക്കാൻ ആവശ്യപ്പെട്ടു. എന്താണ് അതൊന്നു കണ്ട ദീദി വളരെ ഭയത്തോടെ ഉമ്മിയെയും ബാബയെയും വിളിച്ച് കൊണ്ടിരുന്നു പിന്നീട് ഞാൻ കണ്ട കാഴ്ച! എന്റെ മനസ്സ് മരവിച്ചു പോയിരുന്നു എൻറെ വീട് ഒരു തീ ഗോളമായി മാറിയിരിക്കുന്നു ആളിപ്പടരുന്ന തീയിൽ ഞാൻ കേട്ടു ഉമ്മയുടെ അലറി കരച്ചിൽ! കൂടെ ബാബയുടെയും. ഒന്നും



ചെയ്യാൻ കഴിയാതെ വളരെ നിസ്സഹായതയോട് കൂടെ ഞാനും ദീദിയും കരഞ്ഞുകൊണ്ടിരുന്നു. ഒരുപാട് നിമിഷങ്ങൾക്ക് ശേഷം ആരൊക്കെയോ വന്നു തീയണച്ചു. ഇടിഞ്ഞു പൊളിഞ്ഞു ചിതറിക്കിടക്കുന്ന ഞങ്ങളുടെ വീട്! ആംബുലൻസ് വന്നു അതിനിടയിൽ നിന്ന് എന്തൊക്കെയോ ചെയ്യുന്നു . ഞാൻ കണ്ണുകൾ ഇറുക്കിയടച്ചു. ആരോ എന്നെ ചേർത്തുനിർത്തിയത് ഞാൻ അറിഞ്ഞു ഞാൻ നോക്കിയില്ല . എന്റെ ശരീരഭാരം കുറഞ്ഞു കണ്ണുകളിലെ ഇരുട്ട് കയറി. പിന്നീട് കണ്ണു തുറന്നപ്പോൾ ആരോ പറഞ്ഞു ഉമ്മിയും ബാബായും ഈ ലോകത്തോട് വിട പറഞ്ഞു എന്ന്.

പിന്നീട് ഞാനും ദീദിയും തനിച്ചായി. തെരുവ് വീഥികളിൽ മറ്റുള്ളവരോടൊപ്പം ഞങ്ങളും കിടന്നു പിന്നീടുള്ള ദിവസങ്ങൾ വളരെ ദയനീയമായിരുന്നു ഒന്നു മരിച്ചുകിട്ടിയിരുന്നെങ്കിൽ എന്ന് തോന്നിക്കും വിധമായിരുന്നു. ഒരു ദിവസം രാവിലെ എഴുന്നേറ്റ് നോക്കുമ്പോൾ ദീദിയെ കാണുന്നില്ല . ഞാൻ വെപ്രാളപ്പെട്ട് പല സ്ഥലത്തും തിരഞ്ഞു കണ്ടില്ല .ഒടുവിൽ ഞാൻ കണ്ടെത്തി




ചലനമറ്റ്  വെടിയേറ്റ നിലയിൽ ഒരു ഭാഗത്തായി . ഞാൻ അവിടെ നിന്നെല്ലാം ഓടി രക്ഷപ്പെട്ടു എങ്ങോട്ടെന്നോ എന്തിനൊന്നോ ഇല്ലാതെ  ആ ഓട്ടത്തിൽ കൺമുമ്പിൽ വെച്ച് പലരും വെടിയേറ്റ് മരിച്ചു. ആ ഓട്ടം ചെന്ന് അവസാനിചത് ഇവിടെയാണ്. നാളെ എനിക്കും ചിറക്  മുളച്ചേക്കാം പക്ഷേ ഇവിടം ഇനി പഴയ തുപോലെ ആകുമോ? കണ്ണുകൾ നിറഞ്ഞു കൊണ്ട്  ഞാൻ  ആ പൂച്ച കുഞ്ഞിനെ നെഞ്ചോട് ചേർത്തു. ആരുടെയോ കാലൊ ച്ചകൾ അടുത്തേക്ക് വരുന്നതായി എനിക്ക് തോന്നി  അതെ അത് അവർ തന്നെ! ശ്വാസം അടക്കിപ്പിടിച്ചുകൊണ്ട് ഞാൻ കണ്ണ് ഇറക്കി അടച്ചു  ആ നിമിഷം എൻറെ കണ്ണുകളിൽ നിന്ന് വന്നത് കണ്ണുനീർ അല്ലായിരുന്നു രക്തമായിരുന്നു!



Fathima Sahala
10A

# വൈക്കം മുഹമ്മദ് ബഷീർ




1908 ജനവരി 21ന് കോട്ടയം തലയോലപ്പറമ്പിലായിരുന്നു ജനനം. പ്രശസ്ത നോവലിസ്റ്റും, കഥാ കൃത്തും, സ്വാതന്ത്ര്യ സമര പോരാളിയു മായിരുന്നു അദ്ദേഹം. അദ്ദേഹത്തെ എല്ലാവരും സ്നേഹ ത്തോടെ ബേപ്പൂർ സുൽത്താൻ എന്നു വിളിച്ചു. അദ്ദേഹം ചെറുപ്രായത്തിൽ തന്നെ പലജോലി കളും ചെയ്തു.പിന്നീട് അദ്ദേഹം ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കുകയും കുറെ ദിവസം ജയിൽ വാസം അനുഭ വിക്കുകയും ചെയ്തു. ഇതാ യിരുന്നു അദ്ദേഹത്തിന്റെ ആദ്യ ജയിൽ വാസം.

അദ്ദേഹത്തിൻറെ ഹാസ്യം കൊണ്ട് കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ രസിപ്പിച്ചു. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഇഷ്ടപ്പെടുന്ന് നതായിരുന്നു അദ്ദേഹത്തിൻറെ കൃതികൾ. പാത്തുമ്മയുടെ ആട് , ബാല്യകാലസഖി, പ്രേമലേഖനം, മതിലുകൾ എന്നി വയാണ് അദ്ദേഹത്തിൻറെ പ്രധാന കൃതികളിൽ ഉൾ പ്പെട്ടതാണ്. വള്ളത്തോൾ പുരസ്കാരവും പത്മശ്രീയും ലഭി ച്ചിട്ടുണ്ട്. 1994 ജൂലൈ 5ന് കോഴിക്കോട് ബേപ്പൂരിൽ വെച്ച് അദ്ദേഹം വിടപറഞ്ഞു.



Nafeesathul Misriya
10A




പാത്തുമ്മയുടെ ആട്

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട്



കുറുമ്പാല ഗവ: ഹൈസ്കൂളിലെ പ്രധാന ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്. സംസ്ഥാനത്ത് ലിറ്റിൽ കൈറ്റ്സ് പദ്ധതി ആരംഭിച്ച 2018 മുതൽ ഇവിടെ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.വളരെ സജീവമായ നിൽക്കുന്ന ഈ യൂണിറ്റ് ശ്രദ്ധേ യമായ ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ അംഗീകാരമെന്ന നിലയിൽ 2013 വർഷത്തെ ജില്ലയിലെ മികച്ച മൂന്നാമത്തെ യൂണിറ്റിനുള്ള അവാർഡിന് വിദ്യാലയം അർഹത നേടിയിരുന്നു.ഒരു ലിറ്റിൽ കൈറ്റ് അംഗം എന്ന നിലയിൽ കുട്ടികൾക്ക് ലഭിക്കേണ്ട പരമാവധി അനു ഭവങ്ങൾ നൽകാൻ യൂണിറ്റ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

റൊട്ടീൻ ക്ലാസുകൾ,സ്കൂൾതല ക്യാമ്പുകൾ, ഡിജിറ്റൽ മാഗസിൻ,ഇൻഡസ്ട്രിയൽ വിസിറ്റ്, സ്കൂൾ വിക്കി അപ്ഡേഷൻ, പ്ലസ് വൺ ഹെൽപ്പ് ഡെസ്ക്, എക്സ്പേർട്ട് ക്ലാസുകൾ, വിക്ടേഴ്സ് ചാനലിലേക്ക് വാർ ത്തകൾ തയ്യാറാക്കൽ... തുടങ്ങിയവയ്ക്ക് പുറമേ രക്ഷിതാക്കൾക്കും, അമ്മമാർക്കും, ഭിന്നശേഷി വിദ്യാർത്ഥികൾക്കും, മറ്റ് ലിറ്റിൽ കൈറ്റ്സ് ഇതര കുട്ടികൾക്കുള്ള ഐ ടി പരിശീലനങ്ങൾ, സൈബർ ബോധവത്ക്കരണ ക്ലാസുകൾ, റോബോർട്ടിക് ഫെസ്റ്റ്, പ്രൈമറി കുട്ടികൾക്കായി ലേണിംഗ് മൊബൈൽ ആപ്പ്, ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ ന്യൂസ് പേപ്പർ-ലിറ്റിൽ ന്യൂസ്, പ്രാദേശിക ചരിത്ര രചന, വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഡോക്യുമെന്ററി തയ്യാറാക്കൽ, പ്രദർശനം, ആനിമേഷൻ ശിൽപശാല, അഭിമുഖങ്ങൾ, മറ്റ് പരിശീലനങ്ങൾ...

തുടങ്ങിയ തനത് പ്രവർത്തനങ്ങളും സംഘടിപ്പിച്ച് വരുന്നു.എൽ കെ അവാർഡ് തുക ഉപയോഗപ്പെടുത്തി മനോഹരമായൊരു ലിറ്റിൽ കൈറ്റ്സ് ഫോട്ടോ ഗാലറിയും സജ്ജമാക്കയിട്ടുണ്ട്.സബ് ജില്ലാതലം മുതൽ സംസ്ഥാന തലംവരെയുള്ള ലിറ്റിൽ കൈറ്റ്സ് ക്യാമ്പുകളിൽ അംഗങ്ങളെ പങ്കെടുപ്പിക്കാൻ കഴിഞ്ഞത് വലിയ നേട്ടമായി കരുതുന്നു. വിദ്യാലയത്തിലെ മറ്റ് ക്ലബ്ബുകളുമായി ചേർന്ന് പ്രധാന പ്രവർത്തനങ്ങളിലും, പരിപാടികളിലും സജീവമായി പ്രവർത്തിക്കുന്ന എൽ കെ യൂണിറ്റ് മുഴുവൻ പ്രവർത്തനങ്ങളും ഡോക്യുമെൻറ് ചെയ്യുകയും ചെയ്യുന്നു.അംഗങ്ങളുടെ വ്യക്തിഗത-ഗ്രൂപ്പ് അസൈൻമെൻറുകളിൽ ഉയർന്ന ഗ്രേഡുകൾ നേടി ഗ്രേസ് മാർക്കിന് അർഹത നേടി കൊടുക്കാനും യൂണിറ്റിന്കഴിഞ്ഞിട്ടുണ്ട്.

അനിമേഷൻ മേഖലകളിൽ പ്രതിഭയുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുക,അംഗീകരിക്കുക,സാങ്കേതിക ശേഷികൾ ശരിയായ രൂപത്തിൽ ഉപേയാഗപ്പെടുത്തി സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി 'എൽ കെ ഇല്ലുമിനേഷൻ അവാർഡ് 2024' എന്ന പുരസ്കാരം ഏർപ്പെടുത്താൻ കഴിഞ്ഞത് ഈ വർഷത്തെ ഏറ്റവും മികച്ച തനത് പ്രവർത്തർനമായി വിലയിരുത്തുന്നു. വയനാട് ജില്ലയിലെഗവൺമെൻറ്,എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി റോഡ് സുരക്ഷ എന്ന വിഷയത്തിൽ അനിമേഷൻ മത്സരം നടത്തിയാണ് പുരസ്കാര ജേതാവിനെ തെരഞ്ഞെടുത്തത്.

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്കായി ലഭിച്ച മൊഡ്യൂൾ വളരെ ഫല പ്രദമായിരുന്നു. കുട്ടികളെ സംബന്ധിച്ചും ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ, മിസ്ട്രസ് എന്ന നിലയിൽ ഞങ്ങൾക്കും പുതുമയാർന്ന അനുഭവങ്ങൾ അറിയാനും പകർന്ന് നൽകാനും ഈ മൊഡ്യൂൾ വഴികാട്ടിയായിട്ടുണ്ട്.സ്കൂൾ തലത്തിൽ ആനിമേഷൻ, ഗ്രാഫിക് ഡിസൈനിംഗ്, മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ്പ്, ഇലക്ട്രോണിക്സ്, റോബോർട്ടിക്സ്, നിർമ്മിത ബുദ്ധി, ഡെസ്ക് ടോപ്പ് കമ്പ്യൂട്ടിംഗ്, മൾട്ടിമീഡിയ തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാന ശേഷി നേടുന്നതിനൊപ്പം മികച്ച അഭിരുചിയുള്ള കുട്ടികൾക്ക് സബ് ജില്ലാ- ജില്ലാ തല ക്യാമ്പുകളിലൂടെ പുതുമായർന്ന കാര്യങ്ങൾ പഠിക്കാനും കഴിയുന്നു. കലാനുസൃതമായി പരിഷ്ക്കരിച്ച നിലവിലുള്ള മൊഡ്യൂൾ കുട്ടികൾ വളരെ ആവേശപൂർവ്വം ഏറ്റെടുത്തിട്ടുണ്ട്.

ലിറ്റിൽ കൈറ്റ്സിൻെറ പ്രവർത്തന ങ്ങൾ തെരഞ്ഞെടുക്കപ്പെട്ട കുറച്ച് കുട്ടികളിൽ മാത്രം ഒതുങ്ങുന്നില്ല. അംഗങ്ങളല്ലാത്ത മറ്റ് കുട്ടികൾക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പരിശീലനംനൽകുന്നു.

രക്ഷിതാക്കളെ വിദ്യാലയവുമായി ബന്ധിപ്പിക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വലിയ പങ്ക് വഹിക്കുന്നു. രക്ഷിതാക്കൾക്കായി സംഘടിപ്പിക്കുന്ന ഐ ടി പരിശീലനം, സൈബർ സുരക്ഷാ പരിശീലനം,സമഗ്രാ പ്ലസ് പരിശീലനം എന്നവയിലെല്ലാം വലിയ പങ്കാളിത്തംഉണ്ടായിട്ടുണ്ട്.കുട്ടികളുടെ ഫീൽഡ് വിസിറ്റുകൾ, യൂണിഫോം എന്നിവക്കെല്ലാം രക്ഷിതാക്കൾ നൽകുന്ന പിന്തുണയും സഹായവും വളരെ വിലപ്പെട്ടതാണ്. കുറുമ്പാല ഹൈസ്കൂളിനെ ജില്ലയിലെ മികച്ച ഹൈടെക് വിദ്യാലയമാക്കി മാറ്റുന്നതിൽ കൈറ്റിൻെറ ഹൈടെക് പദ്ധതിയും അതിൻെറ ഭാഗമായ ലിറ്റിൽ കൈറ്റ്സ് സംവിധാനവും വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

ലിറ്റിൽ കൈറ്റ്സ് ക്യാമ്പുകളിലും, ഐ ടി മേളയിലും പ്രോഗ്രാമിംഗ്,ആനിമേഷൻ ഇനങ്ങളിൽ സംസ്ഥാന തലത്തിൽ പങ്കെടുക്കാൻ കഴിയുന്ന തരത്തിൽ വിദ്യാർത്ഥികളെ ഒരുക്കാൻ കഴിഞ്ഞത് തീർച്ചയായും യൂണിറ്റിലെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ അനുഭവം തന്നെയാണെന്ന് നിസംശയംപറയാം.സാങ്കേതിക പരിജ്ഞാനമുള്ള പുതുതലമുറയെ വളർത്തിയെടുക്കുന്നതിനോടൊപ്പം സാമൂഹിക ഉത്തരവാദിത്തമുള്ള നല്ല മനുഷ്യനെ സൃഷ്ടിക്കാനും ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ കഴിയുന്നു എന്നത് വളരെസന്തോഷകരമാണ്.

അനില എസ്
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

ഹാരിസ് കെ
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

# സ്കൂൾ അവാർഡിന്റെ നിറവിൽ

## അവാർഡിന്റെ നിറവിൽ ജി.എച്ച്.എസ് കുറുമ്പാല




അവാർഡ് ജേതാക്കൾ വിദ്യാഭ്യാസ - തൊഴിൽ മന്ത്രി വി. ശിവൻ കുട്ടിയോടൊപ്പം

**കുരാച്ചുണ്ട്:** സ്റ്റാൻഡിന്റെ പ്രൗഢിയോടെ കൂപ്പാടിത്തറയുടെ ഏറ്റവും ഓരത്ത് സ്ഥിതി ചെയ്യുന്ന വയനാട്ടിലെ മികച്ച ഹൈടെക് വിദ്യാലയമായ ജി.എച്ച്.എസ് കുറുമ്പാല 2023 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അവാർഡിന് അർഹത നേടി. ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയായി കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനുള്ള 2023 - 24 വർഷത്തെ പ്രവർത്തന മികവിനാണ് അവാർഡ്. പ്രവർത്തന കലണ്ടർ പ്രകാരം അടുക്കും ചിട്ടയോടും കൂടി നടത്തിയ പരിശീലന പ്രവർത്തനങ്ങൾ, അമ്മമാർക്ക് നടത്തിയ സൈബർ സുരക്ഷ പരിശീലനം, കർഷകർക്കുള്ള ഐ ടി പരിശീലനം, ഭിന്നശേഷി വിദ്യാർത്ഥികൾക്കും ലിറ്റിൽ കൈറ്റ്സ് ഇതര വിദ്യാർത്ഥികൾക്കും നൽകിയ പരിശീലനങ്ങൾ, വിവിധ വിഷയങ്ങളിൽ തയാറാക്കിയ ഡിജിറ്റൽ ഡോക്യുമെന്ററികൾ, ഫീൽഡ് ട്രിപ്പുകൾ, ഡിജിറ്റൽ മാഗസിൻ, ജില്ല - സംസ്ഥാന ഐ.ടി മേളകൾ, ലിറ്റിൽ കൈറ്റ്സ് ക്യാമ്പുകൾ എന്നിവയിലെ മികവ്, പ്ലസ് വൺ - ഏകജാലക ഹെൽപ് ഡെസ്ക്, സ്കൂൾ വിക്കി അപ്ഡേഷൻ, വിവിധ ക്യാമ്പുകൾ, ലിറ്റിൽ കൈറ്റ്സ് കോർണർ, ഫ്രീഡം ഫെസ്റ്റ്, സത്യമേവ ജയതേ പരിശീലനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളുടെ മികവാണ് പുരസ്കാരത്തിനായി പരിഗണിച്ചത്. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാര വിതരണം നടത്തി. വിദ്യാഭ്യാസ - തൊഴിൽ മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. എസ്.എസ്.എൽ.സി പരീക്ഷയിലെ മികച്ച വിജയത്തിന് അഡ്വ. ടി. സിദ്ദിഖ് എം.എൽ.എ യുടെ പ്രത്യേക പുരസ്കാരത്തിന് തുടർച്ചയായി രണ്ടാം വർഷവും സ്കൂളിന് അർഹത നേടാൻ കഴിഞ്ഞിട്ടുണ്ട്.







# ലിറ്റിൽ കൈറ്റ്സ്-പ്രധാന പ്രവർത്തനങ്ങൾ

## ലിറ്റിൽ കൈറ്റ്സ്-ഫോട്ടോ ഗാലറി










**2023 ലിറ്റിൽ കൈറ്റ്സ് അവാർഡ് തുക ഉപയോഗിച്ച് ഒരുക്കിയ ഫോട്ടോ ഗാലറിയുടെ ഉദ്ഘാടനം പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസ ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജസീല റംളത്ത് നിർവ്വഹിച്ചു.**

## എൽ കെ ഇല്ലുമിനേഷൻ അവാർഡ്



സുപ്രഭാതം

### എൽ.കെ ഇല്ലുമിനേഷൻ അവാർഡ് അദ്വൈത് എസ്. കൃഷ്ണയ്ക്ക്

**കുപ്പാടിത്തറ▸** കുറുമ്പാല ഗവ. ഹൈസ്കൂളിലെ ലിറ്റിൽ ക്ലബ് ഒരുക്കിയ പ്രഥമ എൽ.കെ ഇല്ലുമിനേഷൻ 2024 അവാർഡിന് പുതാടി ശ്രീ നാരായണ ഹയർ സെക്കൻഡറി സ്കൂളിലെ പത്താം തരം വിദ്യാർഥിയായ അദ്വൈത് എസ് കൃഷ്ണ അർഹനായി. ജില്ലയിലെ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി സംഘടിപ്പിച്ച അനിമേഷൻ മത്സരത്തിലൂടെയാണ് പുരസ്കാര ജേതാവിനെ കണ്ടെത്തിയത്. റോഡ് സുരക്ഷാ ബോധവൽക്കരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ സംഘടിപ്പിച്ച അനിമേഷൻ നിർമാണ മത്സരത്തിൽ ജില്ലയിലെ വിവിധ വിദ്യാലയങ്ങളിലെ കുട്ടികൾ പങ്കെടുത്തു. അനിമേഷൻ മേഖലകളിൽ പ്രതിഭയുള്ള കുട്ടികളെ കണ്ടെത്തുക, പ്രോത്സാഹിപ്പിക്കുക, അംഗീകരിക്കുക, സാങ്കേതിക ശേഷികൾ ശരിയായ രൂപത്തിൽ ഉപയോഗപ്പെടുത്തി സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പുരസ്കാരം ഒരുക്കുന്നത്.

Kozhikode Edition
Date : 1/21/2025, Page : 17







## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ ന്യൂസ് പേപ്പർ (ലിറ്റിൽ ന്യൂസ്)


ലിറ്റിൽ ന്യൂസ് ഒക്ടോബർ 2024

കരുത്ത്കാട്ടി കുറുമ്പാല


ലിറ്റിൽ ന്യൂസ് സെപ്റ്റംബർ 2024


ലിറ്റിൽ ന്യൂസ് ആഗസ്റ്റ് 2024


ലിറ്റിൽ ന്യൂസ് ജൂലൈ 2024


ലിറ്റിൽ ന്യൂസ് ജൂൺ 2024


ലിറ്റിൽ ന്യൂസ് ജനുവരി 2025

സംസ്ഥാന സ്കൂൾ കലോത്സവം

വിദ്യാലയത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ,വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ, പ്രധാന പൊതുവാർത്ത കൾ,പൊതു ജനങ്ങൾക്ക് ഉപകാര പ്രധമാകുന്ന മറ്റ് വാർത്ത കൾ, അറിയിപ്പുകൾ, സൈബർ സുരക്ഷ, ലഹരി വിരുദ്ധ സന്ദേശം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി എല്ലാ മാസവും ലിറ്റിൽ ന്യൂസ് എന്ന പേരിൽ ഒരു പത്രം പുറത്തിറക്കുന്നു. സ്ക്രൈബസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പത്രം ഡി സൈൻ ചെയ്യുന്നത്. സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ് ഈ പ്രവർത്തനം ചെയ്യുന്നത്. കുട്ടികളുടെ വിവിധ ഗ്രൂപ്പുകൾ ഇതിനായി വാർത്തകൾ ശേഖരിച്ച് പത്രം ഒരുക്കുന്നു.ഒപ്പം ലിറ്റിൽ കൈറ്റ് മാസ്റ്റർമാരും. പത്രത്തിന്റെ പ്രകാശന കർമ്മം ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ് നിർവ്വഹിച്ചു.



## പ്രാദേശിക ചരിത്ര രചന - ചരിത്രത്താളുകളിലെ കുറുമ്പാല



സ്കൂൾ നില കൊള്ളുന്ന കുപ്പാടിത്തറ പ്രദേശത്തിൻറെ പ്രാദേശിക ചരിത്രം തയ്യാറാക്കുക എന്ന ഉദ്യമത്തിലാണ് ടീം ലിറ്റിൽ കൈറ്റ്സ്. ഇതിനായി വിവിധ വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നെല്ലാം പരമാവധി വിവരങ്ങൾ ശേഖരിച്ചുവരുന്നു. ലഭ്യമായ വിവരങ്ങൾ ഉപയോഗപ്പെടുത്തി ചരിത്രരചന നടത്തുക, അവ സ്കൂൾ വിക്കി യിൽ അപ്ലോഡ് ചെയ്യുക, ഒപ്പം ഇതിൻെറ ഡോക്യുമെൻററി തയ്യാറാക്കുക തുടങ്ങിയ തനത് പ്രവർത്തനത്തിലാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.

## ലിറ്റിൽ കൈറ്റ്സ് - ലേണിംഗ് ആപ്പ്







മൊബൈലിനെ പഠന സഹായിയായി ഉപയോഗപ്പെടുത്താൻ എന്ത് ചെയ്യാം എന്ന ചിന്തയിൽ നിന്ന് ഉയർന്നു വന്നതാണ് മൊബൈൽ ലേണിങ് ആപ്പ് എന്ന ആശയം.പ്രീ പ്രൈമറി കുട്ടികളുടെ പാഠപുസ്തകത്തിലെ ഇംഗ്ലീഷ് അക്ഷരങ്ങളും അക്കങ്ങളും രസകരമായി എളുപ്പത്തിൽ പഠിക്കാൻ സഹായിക്കുന്ന രീതിയിലാണ് ഈ ആപ്പ് സംവിധാനിച്ചിട്ടുള്ളത്. ആപ്പിൻെറ ലോഞ്ചിംഗ് പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ബുഷറ വൈശ്യൻ നിർവ്വഹിച്ചു.

## ഡിജിറ്റൽ മാഗസിൻ






ലിറ്റിൽ കൈറ്റ്സിൻെറ പ്രധാന പ്രവർത്തനമാണ് ഡിജിറ്റൽ മാഗസിൻ നിർമ്മാണം.സ്കൂളിലെ കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ ചേർത്താണ് മാഗസിൻ ഒരുക്കുന്നത്. 2024-25 വർഷത്തെ ഡിജിറ്റൽ മാഗസിൻ 'റാന്തൽ' പ്രകാശന കർമ്മം പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ജസീല ളംറത്ത് നിർവ്വഹിച്ചു.ചടങ്ങിൽ പിടിഎ-എം പിടിഎ പ്രതിനിധികൾ, രക്ഷിതാക്കൾ, അധ്യാപകർ,കൈറ്റ് അംഗങ്ങൾ പങ്കെടുത്തു.

## റോബോട്ടിക് ഫെസ്റ്റ്





കുറുമ്പാല ഗവ. ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻെറ നേതൃതത്തിൽ സംഘടിപ്പിച്ച റോബോട്ടിക് ഫെസ്റ്റ് ശ്രദ്ധേയമായി.ഫെസ്റ്റിൻെറ ഉദ്ഘാടനം പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് മെമ്പർ ബുഷറ വൈശ്യൻ നിർവ്വഹിച്ചു.കുട്ടികൾക്കൊപ്പം രക്ഷിതാക്കൾക്കും പ്രദ ർശനം കാണാനും പ്രവർത്തനരീതികൾ മനസ്സിലാക്കാനും സൗകര്യമൊരുക്കിയിരുന്നു. കഴിഞ്ഞ വർഷവും ഫെസ്റ്റ് ഒരുക്കിയിരുന്നു.

## രക്ഷിതാക്കൾക്കുള്ള സമഗ്രാ പ്ലസ് പരിശീലനവും സൈബർ സുരക്ഷാ ബോധവത്ക്കരണ ക്ലാസും





സൈബർ സുരക്ഷാ ബോധവത്ക്കരണം, ഐ ടി പരിശീലനം എന്നിവ നൽകി രക്ഷിതാക്കളെയും സ്മാർട്ടാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് എല്ലാ വർഷവും രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്നത്. കൂടാതെ കുട്ടികളുടെ പഠന കാര്യങ്ങളിൽ കൈത്താങ്ങ് നൽകാൻ രക്ഷിതാക്കളെ പ്രാപ്തരാക്കുന്നതിനായി സമഗ്രയുടെ സാധ്യതകൾ പരിചയപ്പെടുത്തുന്നു.ഇ റിസോഴ്സുകൾ ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിശീലനവും നൽകി വരുന്നു

## ഭിന്ന ശേഷിയുള്ള കുട്ടികൾക്ക്- ഐ ടി പരിശീലനം "ചങ്ങാതിക്കൊപ്പം", "കൈത്താങ്ങ്"



വിദ്യാലയത്തിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഐ ടി പരിശീലനം നൽകി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അവരെ ചേർത്ത്പിടിക്കുന്നു. അവർക്ക് മലയാളം കമ്പ്യൂട്ടിംഗ്, ഗ്രാഫിക് ഡിസൈനിംഗ്, ആനിമേഷൻ എന്നീ മേഖലകളിൽ പരിശീലനം നൽകുന്നു. ഒഴിവ് സമയം ഉപയോഗപ്പെടുത്തിയാണ് ഇതിനായി സമയം കണ്ടെത്തുന്നത്.ഇത്തരം പരിശീ ലനങ്ങൾ 2018 മുതൽ ഒരു തനത് പ്രവർത്തനമായി യൂണിറ്റ് ചെയ്ത് വരുന്നു

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ റിസോഴ്സ് പേഴ്സൺമാരായുള്ള പരിശീലനങ്ങൾ



സബ് ജില്ലാ -ജില്ലാ - സംസ്ഥാന തല ലിറ്റിൽ കൈ റ്റ്സ് ക്യാമ്പുകളിൽ ആനിമേഷൻ, പ്രോഗ്രാമിംഗ് വിഭാഗങ്ങളിൽ പങ്കെടുത്ത അംഗ ങ്ങൾ ബാച്ചിലെ മറ്റംഗങ്ങൾക്ക് ക്ലാസ് നൽകി. മുബഷിറ പി പി,ആയിഷ ഹനി, ഫാത്തിമ ഫർഹ, മുഹമ്മദ് നാഫിൽ, ശിവന്യ കെ എസ് , മുഹമ്മദ് അസ്‌ലം എന്നിവർ നേതൃത്വം നൽകി. ജില്ലാ ക്യാമ്പിന്റെ അനുഭവങ്ങൾ മുബഷിറ പി പി യും എരണാകുളത്ത് വെച്ച് നടന്ന സംസ്ഥാന ക്യാമ്പ് അനുഭവങ്ങൾ മുഹമ്മദ് നാഫിലും പങ്ക്‌വെച്ചു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളല്ലാത്ത മറ്റ് കുട്ടികൾക്കും വിവിധ വിഷയങ്ങളിൽ പരിശീലന ങ്ങൾ നൽകി വരുന്നു.

## ലിറ്റിൽ കൈറ്റ്സ് ഇൻഡസ്ട്രിയൽ വിസിറ്റുകൾ







ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി 2023- 26 ബാച്ച് അംഗങ്ങൾക്കായി (02-11-2024 ന് ശനിയാഴ്ച്ച) ഇൻഡസ്ട്രിയൽ വിസിറ്റ് സംഘടിപ്പിച്ചു. കൽപ്പറ്റയിലെ കിൻഫ്രാ പാർക്കിലെ വി കെ സി പോളിമേസ് പ്രൈവറ്റ് ലിമിറ്റഡിലേക്കായിരുന്നു സന്ദർശനം. ചെരുപ്പ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ,പാക്കിംഗ്, വിവിധ മെഷീനുകളുടെ ഉപയോഗം, വി കെ സി യുടെ വിവിധ പ്രൊഡക്ടുകൾ തുടങ്ങിയ നിരവധി കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു.ക്ലബ്ബിലെ മുഴുവൻ അംഗങ്ങളും പങ്കെടുത്തു.എൽ കെ മാസ്റ്റർ ഹാരിസ് കെ, മിസ്ട്രസ് അനില എസ്, ധന്യ ജോസഫ് എന്നിവർ നേതൃത്വം നൽകി. കോവിഡ് കാല ബാച്ചുകൾ ഒഴികെ മറ്റ് എല്ലാ ബാച്ചുകളും ഇൻഡസ്ട്രിയൽ വിസിറ്റ് നടത്തിയിട്ടുണ്ട്. വയനാട് കിൻഫ്രാ പാർക്ക്, വയനാട് മിൽമ, പി പി കെ ബേക്സ് വെള്ളമുണ്ട എന്നീ സ്ഥാപനങ്ങളിലേക്കായിരുന്നു വിസിറ്റ് സംഘടിപ്പിച്ചിട്ടുള്ളത്.

## ലിറ്റിൽ കൈറ്റ്സ് ക്യാമ്പുകളിലെ പങ്കാളിത്തം





2024 ആഗസ്സ്റ്റ് 23, 24 തിയ്യതികളിലായി എരണാകുളം കൈറ്റ് റീജയണൽ സെൻററിൽ സംഘടിപ്പിച്ച ലിറ്റിൽ കൈറ്റ്സ് സംസ്ഥാനതല സഹവാസക്യാമ്പിൽ വയനാട് ജില്ലയിൽ നിന്ന് പ്രോഗ്രാമിംഗ് വിഭാഗത്തിൽ കുറുമ്പാല ഗവ.ഹൈസ്കൂളിലെ മുഹമ്മദ് നാഫിൽ പങ്കെടുത്തു.

2023-24 വർഷം ലിറ്റിൽ കൈറ്റ്സ് ജില്ലാതല ക്യാമ്പിൽ  ആനി മേഷൻ വിഭാഗത്തിൽ മുബഷിറ പി പി യും,പ്രോഗ്രാമിംഗ് വിഭാഗത്തിൽ മുഹമ്മദ് നാഫിലും പങ്കെടുത്തു.

2024-25 വർഷത്തെ ലിറ്റിൽ കൈറ്റ്സ് ജില്ലാതല ക്യാമ്പിൽ  ആനിമേഷൻ വിഭാഗത്തിൽ റിസ്‌വാന ഷെറിനും,പ്രോഗ്രാമിംഗ് വിഭാഗത്തിൽ മുഹമ്മദ് അൽത്താഫും പങ്കെടുത്തു.




## ലിറ്റിൽ കൈറ്റ്സ് യൂണിഫോം, ഐ ഡി കാർഡ്







2024-27 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള യൂണീഫോം, ഐ ഡി കാർഡ് എന്നിവയുടെ വിതരണോദ്ഘാടനം 19-08-2024 ന് ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് നിർവ്വഹിച്ചു.2024-27 ബാച്ചിലെ അംഗങ്ങളുടെ യൂണിഫോം,ഐ ഡി കാർഡ് എന്നിവ വയനാട് ജില്ലയിൽ ആദ്യം പൂർത്തിയാക്കിയത് കുറുമ്പാല ഹൈസ്കൂളിലെ യൂണിറ്റാണ് എന്നതിൽ അഭിമാനിക്കാം. യൂണീഫോമിൻെറ സാമ്പത്തിക ചെലവ് രക്ഷിതാക്കളാണ് വഹിച്ചത്.ചടങ്ങിൽ കൈറ്റ് മാസ്റ്റർ ട്രൈനർ ജിൻഷാ തോമസ്,ലിറ്റിൽ കൈറ്റ്സ് മാസ്റ്റർമാരായ ഹാരിസ് കെ, അനില എസ് എന്നിവർ സംബന്ധിച്ചു.

# ലിറ്റിൽ കൈറ്റ്സ് - മറ്റ് പ്രവർത്തനങ്ങൾ

## അധ്യാപകദിനം





അധ്യാപകദിനത്തിൽ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരെയും ലിറ്റിൽ കൈറ്റ്സിൻെറ നേതൃത്വത്തിൽ ആദരിച്ചു

## സ്കൂൾ പാർലമെൻറ് ഇലക്ഷൻ





2024-25 വർഷത്തെ സ്കൂൾ പാർലമെൻെറ് തെരഞ്ഞെടുപ്പ് വളരെ ശ്രദ്ധേയമായി.സോഷ്യൽ സയൻസ് ക്ലബ്ബും ലിറ്റിൽ കൈറ്റ്സ് യൂണിറ്റും സംയുക്തമായിട്ടാണ് തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്.പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ചായിരുന്നു തിരഞ്ഞെടുപ്പ്.ആകെയുള്ള പതിനഞ്ച് ബൂത്തുകളിലേയ്ക്കും റിസർവ്വ് സിസ്റ്റത്തിലേയ്ക്കുമുള്ള മെഷീനുകളിൽ തെരഞ്ഞെടുപ്പ് സോഫ്റ്റ്‌വെയർ ഇൻസ്റ്റാലേഷൻ കൈറ്റ്സ് അംഗങ്ങൾ നിർവ്വഹിച്ചു. പോളിംഗ് ഓഫീസർമാരുടെ ചുമതലയും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കായിരുന്നു.തെരഞ്ഞെടുപ്പിന് മുന്നോടിയായി പോളിംഗ് ഓഫീസർമാർക്കുള്ള പരിശീലനംനൽകിയിരുന്നു.

## സ്കൂൾ വിക്കി അപ്ഡേഷൻ



വിദ്യാലയത്തിലെ പ്രധാന പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ തുടങ്ങിയ മുഴുവൻ പ്രവർത്തനങ്ങളുടെയും വിവരങ്ങൾ, ചിത്രങ്ങൾ സഹിതം സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്ത് വരുന്നു.നാടിൻെറയും വിദ്യാലയത്തിൻെറയും ചരിത്രവും തയ്യാറാക്കി അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ശ്രീ ഹാരിസ് കെ നോഡൽ ഓഫീസറായിട്ടുള്ള ഒരു വിംഗ് തന്നെ ഇതിനായി പ്രവർത്തിക്കുന്നു.

## പ്ലസ് വൺ ഹെൽപ്പ് ഡെസ്ക്





എസ് എസ് എൽ സി പൂർത്തിയാക്കിയ കുട്ടികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് ഏക ജാലക സംവിധാനത്തിൽ അപേക്ഷിക്കുന്നതിനായി സ്കൂളിൽ ഹെൽപ്പ് ഡെസ്ക്ക് സൗകര്യം ഒരുക്കി നൽകുന്നു. സ്കൂൾ ഐ ടി ചാർജുള്ള അധ്യാപകരും ലിറ്റിൽ കൈറ്റ്സ് കൈറ്റ്സ് അംഗങ്ങളും നേതൃത്വം നൽകുന്നു.

## ലിറ്റിൽ കൈറ്റ്സ് ക്യാമ്പുകൾ





ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി, സ്കൂൾ തല ക്യാമ്പുകൾ കൃത്യമായി നടന്നു വരുന്നു. അംഗങ്ങൾക്ക് ആനിമേഷൻ, പ്രോഗ്രാമിംഗ് വിഭാഗത്തിൽ അധിക പരിശീലനം ലഭിക്കുന്നു.കൈറ്റിലെ റിസോഴ്സ് പേഴ്സൺമാർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു. സ്കൂൾ തല ക്യാമ്പുകളിൽ കുട്ടികൾക്ക് ഭക്ഷണവും നൽകിവരുന്നു.

## രക്ഷിതാക്കൾക്കുള്ള ക്യാമ്പ്





2024-27 ബാച്ച് ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പിന്റെ ഭാഗമായി അംഗങ്ങളുടെ രക്ഷിതാക്കൾക്കും ക്ലാസ് നൽകുകയുണ്ടായി.ലിറ്റിൽ കൈറ്റ്സ് പദ്ധതി, പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കാനും, കുട്ടികളുടെ മികവുകൾ കാണാനും രക്ഷിതാക്കൾക്ക് കഴിഞ്ഞു.മുഴുവൻ കുട്ടികളുടെയും രക്ഷിതാക്കൾ പങ്കെടുത്തു.

## ഡോക്യുമെന്ററികൾ,വാർത്തകൾ





2024-27 വിദ്യാലയത്തിലെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഡിജിറ്റൽ വാർത്തകൾ തയ്യാറാക്കുകയും അവ വിക്ടേഴ്സ് ചാനലിലേയ്ക്ക് കൈറ്റ് മുഖേന അയക്കുന്നു. പ്രാദേശിക ചരിത്രം, ബോധവത്ക്കരണം തുടങ്ങിയവ യുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ തയ്യാറാക്കി അവ ക്ലാസുകളിലും മറ്റ് പൊതുവേദികളിലും പ്രദർശിപ്പിക്കുന്നു.

## ഡോക്യുമെന്റേഷൻ





## ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ രക്ഷിതാക്കളുടെ യോഗങ്ങൾ







## ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ യോഗങ്ങൾ







## അഭിമുഖങ്ങൾ





## ലിറ്റിൽ കൈറ്റ്സ് നിർവ്വഹണ സമിതി യോഗങ്ങൾ



റിക്കാർഡ് വർക്കുകൾ



## പ്രധാന മുൻകാല പ്രവർത്തനങ്ങൾ

അമ്മമാർക്കുള്ള സൈബർ സുരക്ഷാപരിശീലനം - അമ്മ അറിയാൻ-




ഫ്രീഡം ഫെസ്റ്റ്






# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ - വാർത്തകളിൽ



അവാർഡിന്റെ നിറവിൽ ജി.എച്ച്.എസ് കുറുമ്പാല



സുപ്രഭാതം

## എൽ.കെ ഇല്ലുമിനേഷൻ അവാർഡ് അദ്വൈത് എസ്. കൃഷ്ണയ്ക്ക്

കുപ്പാടിത്തറ ▸ കുറുമ്പാല ഗവ. ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഒരുക്കിയ പ്രഥമ എൽ.കെ ഇല്ലുമിനേഷൻ 2024 അവാർഡിന് പുതാടി ശ്രീ നാരായണ ഹയർ സെക്കൻഡറി സ്കൂളിലെ പത്താം തരം വിദ്യാർഥിയായ അദ്വൈത് എസ് കൃഷ്ണ അർഹനായി. ജില്ലയിലെ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി സംഘടിപ്പിച്ച അനിമേഷൻ മത്സരത്തിലൂടെയാണ് പുരസ്കാര ജേതാവിനെ കണ്ടെത്തിയത്. റോഡ് സുരക്ഷാ ബോധവത്കരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ സംഘടിപ്പിച്ച അനിമേഷൻ നിർമാണ മത്സരത്തിൽ ജില്ലയിലെ വിവിധ വിദ്യാലയങ്ങളിലെ കുട്ടികൾ പങ്കെടുത്തു. അനിമേഷൻ മേഖലകളിൽ പ്രതിഭയുള്ള കുട്ടികളെ കണ്ടെത്തുക, പ്രോത്സാഹിപ്പിക്കുക, അംഗീകരിക്കുക, സാങ്കേതിക ശേഷികൾ ശരിയായ രൂപത്തിൽ ഉപയോഗപ്പെടുത്തി സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പുരസ്കാരം ഒരുക്കുന്നത്.












എൽ.കെ. ഇല്ലുമിനേഷൻ അവാർഡ് അദ്വൈത് എസ് കൃഷ്ണയ്ക്ക്

14 FEB 2025

കുറുമ്പാല ഗവ. ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഒരുക്കിയ പ്രഥമ എൽ.കെ. ഇല്ലുമിനേഷൻ അവാർഡിന് പുതാടി ശ്രീ നാരായണ ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥി അദ്വൈത് എസ് കൃഷ്ണ അർഹനായി. കുറുമ്പാല ഗവ. ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കൽപറ്റ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി. അബ്ദുറഹിമാൻ പുരസ്കാരം സമ്മാനിച്ചു.



## സ്കൂൾ വാർഷികം

## സ്കൂൾ വാർഷികാഘോഷം - സാദരം 2k25





## പ്രതിഭകൾക്കുള്ള ആദരം













വാർഷികാഘോഷ പരിപാടിയിൽ 2024 മാർച്ചിലെ എസ് എസ് എൽ സി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ ആയിഷ തഹ്‌ലിയ കെ കെ, അയിഷ ഷമീമ പി, അൻഷിത കെ, ഫൈറൂസ ഫാത്തിമ ടി എ എന്നിവരെയും, സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഉർദു കഥാരചന, ഉർദു പ്രസംഗം എന്നിവയിൽ എ ഗ്രേഡ് നേടിയ ഫാത്തിമത്ത് ഫർഹാന, ഉർദു ഉപന്യാസത്തിൽ എ ഗ്രേഡ് നേടിയ മുബഷിറ പി പി, യു എസ് എസ് നേടിയ ആദില ഫാത്തിമ, ഷിഫാന ഷെറിൻ എന്നിവരെയും  അവരുടെ രക്ഷിതാക്കളെയും ആദരിച്ചു.വിവിധ ക്ലാസുകളിൽ നിന്ന് കൂടുതൽ മികവ് പുലർത്തിയ കുട്ടികളെയും, മുൻ പി ടി എ പ്രസിഡൻറ് കെ സി മുഹമ്മദ് ഷാഫിയെയും ഉപഹാരം നൽകി ആദരിച്ചു.ലിറ്റിൽ കൈറ്റ്സ് ഒരുക്കിയ എൽ കെ ഇല്ലുമിനേഷൻ അവാർഡ് അദ്വൈത് എസ് കൃഷ്ണയ്ക്ക് ചടങ്ങിൽ വെച്ച് വിതരണം ചെയ്തു.

# Thank You